280
JULY 2020

# KERALA PRIVATE COLLEGE TEACHER

ISSN 2454-4795
a monthly journal of the all kerala private college teachers' association



# പുതിയ ചരിത്രമെഴുതിച്ചേർത്ത 62 -ാം സംസ്ഥാന സമ്മേളനം

280

**EDITORIAL BOARD**

**Editor**
Dr. A.S. Sumesh

**Managing Editor**
Dr. K.R. Kavitha

**Assistant Editors**
Dr. Sony John
Dr. N. Renuka

**Members**
Prof. Jogy Alex
Dr. C. Padmanabhan
Dr. M. Sreekumar
Dr. Sheela M. Joseph
Prof. A.G.Oleena
Prof. Pramod Vellachal
Dr.Vidhu Narayan
Dr. Vysakhan Thambi
Shyla Hameed
Dr. Arya Gopi
Dr. Myna Umaiban
Sona P.
Dr. M.R.Rajesh
Abhilash T.
Harinarayanan S.
Subin Varghese
Bineesh E.K.
Dr. Santhosh Kumar Vallikkat
Reeja Jose P
Dr.Seetha Vijayakumar
V H Nishad

Design
**Jwala Creatives**

AKPCTA State Committee Office
Mathrubhumi Road,
Vanchiyoor, Thiruvananthapuram-35
Ph: 0471-2463494
Fax: 0471-2468984
Mobile: 09495425219
**collegeteacheredt@gmail.com**
**www.akpcta.in**

Views expressed by individuals in the journal are their own and need not necessarily be taken as policy of the Association.

Edited, Printed and Published by **Dr. C.Padmanabhan**, AKPCTA State Committee Office, Vanchiyoor, TVPM-35.

# JULY 2020

- *എഡിറ്റോറിയൽ* 3
- *മഹാദുരന്തത്തിന്റെ മറപറ്റി ഒരു ദേശീയ വിദ്യാഭ്യാസനയം*
  **ഡോ. സി. പത്മനാഭൻ** 4
- *പുതിയ ചരിത്രമെഴുതിച്ചേർത്ത 62-ാം സംസ്ഥാന സമ്മേളനം* 7
- *ദേശീയ വിദ്യാഭ്യാസനയം*
  **ഡോ. ലക്ഷ്മിപ്രിയ എൻ.** 12
- *ദേശീയ വിദ്യാഭ്യാസനയവും ചില സാമൂഹ്യയാഥാർത്ഥ്യങ്ങളും*
  **അഭിലാഷ് ടി.** 15
- *ദേശീയ വിദ്യാഭ്യാസനയം പ്രൊഫഷണൽ വിദ്യാഭ്യാസത്തിൽ*
  **മൈന ഉമൈബാൻ** 17
- *നിയോലിബറൽ കാലത്തെ വിദ്യാഭ്യാസനയം*
  **സനന്ദ് സദാനന്ദ്** 19
- *Equity and Inclusive Education : An Overview*
  **Dr. Sangeetha NR** 21
- *Gender and Sexuality in the NEP*
  **Lakshmi Menon** 23
- *National Research Foundation (NRF) may ring the death knell of India's research aspirations*
  **Dr. Suboj Babykutty** 25
- *Caa Caa Black Sheep, Have you any Mool?*
  **Cheri Jacob K** 32
- **സംസ്ഥാന സമ്മേളന പ്രമേയങ്ങൾ** 42

## എഡിറ്റോറിയൽ



# പുതിയ സാധ്യതകളിലൂടെ

ഒരു മഹാവിപത്തിനെതിരെ ലോകം മുഴുവനും പോരാടുന്ന വേളയിൽ അതീവ പ്രാധാന്യമുള്ള, രാജ്യത്തിന്റെ ഭാവിയെത്തന്നെ അപകടത്തിൽ ആക്കിയേക്കാവുന്ന ഒന്നിലേറെ നിയമങ്ങൾ ജനാധിപത്യത്തിൻറെ കാവൽ ഇടങ്ങളെ മറികടന്ന് നടപ്പിലാക്കാൻ കേന്ദ്ര ഭരണകൂടം തീരുമാനം എടുത്തു കഴിഞ്ഞു. തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ ഉൾപ്പെടുന്ന സഭകളെ മറികടന്നു കൊണ്ട് അതിവേഗം നടപ്പിലാക്കുന്ന ഈ തീരുമാനങ്ങൾ നാം നേടിയെടുത്ത ജനാധിപത്യപരമായ അറിവിന്റെ ഇടങ്ങളെ പൂർണമായും കവർന്നെടുക്കാൻ ശേഷിയുള്ളവയാണ് എന്നത് നാം മറന്നു കൂടാ. കോളനി ഭരണകൂടം പോലും ചെയ്യാൻ മടിച്ച കാര്യങ്ങൾ ഒരു ജനാധിപത്യ ഭരണകൂടം നടപ്പിലാക്കാൻ ശ്രമിക്കുകയും അതിന് കുറുക്കുവഴികൾ തേടുകയും ചെയ്യുന്നു. മണ്ണും മനസ്സും കവർന്നെടുക്കപ്പെടുന്ന രണ്ട് പ്രധാന തീരുമാനങ്ങൾ കോവിഡ് പ്രതിസന്ധിയെ മറയാക്കി നടപ്പിലാക്കാൻ തീരുമാനിച്ചിരിക്കുന്നു. മൂന്നാം ദേശീയ വിദ്യാഭ്യാസ നയം ആരെയാണ് പ്രതിനിധാനം ചെയ്യുന്നത് എന്ന ചോദ്യം കരട് രേഖ പുറത്തിറങ്ങിയ നാൾ മുതൽ നാം ഉയർത്തിയതാണ്. എന്നാൽ നമ്മുടെ ആശങ്കകൾ ഒന്ന് പോലും പരിഹരിക്കപ്പെടാതെ അവ അതേപോലെ നിലനിർത്തിക്കൊണ്ട് കോർപ്പറേറ്റ് വിദ്യാഭ്യാസത്തെ വാരിപ്പുണരുന്ന റിപ്പോർട്ട് നടപ്പിൽ വരാൻ പോകുന്നു. വിദ്യാഭ്യാസം സാമൂഹികവും സാമ്പത്തികവും ബൗദ്ധികവുമായ പ്രാദേശിക വികസന സാധ്യതകളെ മുൻ നിർത്തി രൂപകൽപ്പന ചെയ്യേണ്ടതാണ് എന്നത് കേരളത്തിന്റെ ഉദാഹരണത്തിലൂടെ നമുക്ക് ഉറപ്പിച്ച് പറയാൻ കഴിയും. മൂർത്തമായ നയസമീപനങ്ങൾക്ക് പകരം ഉപരിതല സ്പർശിയായ കേവല ആശയങ്ങൾ കൊണ്ട് നിറഞ്ഞ ഒരു രേഖ രാജ്യത്തിന്റെ വരും കാല വിദ്യാഭ്യാസ മാതൃകയെ രൂപപ്പെടുത്തും എന്നും അറിവ് ഉൽപ്പാദന - വിതരണ ക്രോഡീകരണം നടപ്പിലാകും എന്നും അനായാസം പറഞ്ഞുവയ്ക്കുകയാണ് ദേശീയ വിദ്യാഭ്യാസ നയം. ഭാഷ കൊണ്ടും വാക് ചാതുരി കൊണ്ടും മാത്രം സൃഷ്ടിച്ച മായിക ലോകത്തേക്ക് ഒരു രാജ്യത്തിന്റെ വിദ്യാഭ്യാസം പറിച്ചുനടാൻ നടത്തുന്ന വിപുലവും കുടിലവുമായ ശ്രമങ്ങളോട് കലഹിക്കുക എന്നതാണ് വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്നവർ എന്ന നിലയിൽ നമ്മുടെ പ്രാഥമികമായ ദൗത്യം. ഒപ്പം മണ്ണിനെ വിൽപ്പനക്ക് വെയ്ക്കാൻ തയ്യാറാകുന്ന പരിസ്ഥിതി ആഘാത നിർണ്ണയവും പഠന വിധേയമാക്കേണ്ടതുണ്ട്. കോവിഡ് നൽകിയ പുതിയ ജീവിത പാഠങ്ങൾക്കൊപ്പം സാമൂഹിക ജീവിതത്തിന്റെ നവ പ്രത്യയ ശാസ്ത്രത്തെ തിരിച്ചറിയുക എന്ന വിവേകവും നാം നേടേണ്ടതുണ്ട്.

സംഘടനയുടെ ചരിത്രത്തിൽ ആദ്യമായി നാം നടത്തിയ ഓൺലൈൻ സമ്മേളനത്തിന് ശേഷം ഇറങ്ങുന്ന പതിപ്പ് എന്ന നിലയിൽ ഏറെ പ്രാധാന്യമർഹിക്കുന്ന ഈ പതിപ്പിലൂടെ സാങ്കേതിക വിദ്യയുടെ പുതിയ സാധ്യതകളിലേക്ക് കൂടി നാം പ്രവേശിക്കുകയാണ്. എല്ലാവരെയും ഒരിക്കൽ കൂടി അഭിവാദ്യം ചെയ്തുകൊണ്ട് ഡിജിറ്റൽ വായനയുടെ സാധ്യതകൾ കൂടി ഉൾപ്പെടുത്തിയിട്ടുള്ള സമ്മേളനപ്പതിപ്പ് അഭിമാനപൂർവം സമർപ്പിക്കുന്നു.

**ഡോ. എ.എസ്. സുമേഷ്**
drassumesh@gmail.com
9744168522



ഡോ. സി. പത്മനാഭൻ

# മഹാദുരന്തത്തിന്റെ മറപറ്റി ഒരു ദേശീയ വിദ്യാഭ്യാസനയം

ഒരു മഹാവിപത്തിനെ മറികടക്കാനുള്ള വിവിധതരത്തിലുള്ള സംഘടിതമായ ശ്രമങ്ങൾ ലോകമെമ്പാടും നടന്നുകൊണ്ടിരിക്കുകയാണ്. അക്കാദമികസമൂഹത്തെ സംബന്ധിച്ചിടത്തോളം ഈ ദുരന്തകാലം ധാരാളം അനുഭവപാഠങ്ങളുടേയും അതിന്റെ ഭാഗമായ തിരിച്ചറിവുകളുടേയും കാലഘട്ടം കൂടിയാണ്. ലോകമാകമാനം നിലനില്ക്കുന്ന വിവിധതരം സാമൂഹിക-രാഷ്ട്രീയ മാതൃകകൾ, ആരോഗ്യരക്ഷാസംവിധാനങ്ങളുടെ നിലവിലുള്ള അവസ്ഥ, ഇത്തരം പ്രതിസന്ധിഘട്ടങ്ങളിൽ അവലംബിക്കേണ്ട മാനുഷികമൂല്യങ്ങൾ, വിദ്യാഭ്യാസരംഗം അടക്കമുള്ള മേഖലകളിൽ അവശ്യം വരുത്തേണ്ട പുനഃക്രമീകരണങ്ങൾ, അനിയന്ത്രിതമായ സ്വകാര്യവല്ക്കരണവും കച്ചവടവല്ക്കരണവും ഉണ്ടാക്കിയ കെടുതികൾ, ചെറുത്തുനില്പുകളുടെ വർദ്ധിച്ചുവരുന്ന ആവശ്യകതയും അതിനായി സ്വീകരിക്കേണ്ട പുത്തൻ മാതൃകകളും; എന്നിങ്ങനെയുള്ള നാനാതരം വിഷയങ്ങൾ നവീനമായ ഉൾക്കാഴ്ചകളോടെ ചർച്ചചെയ്യാനും പ്രവൃത്തിപഥത്തിൽ കൊണ്ടുവരാനും കോവിഡ് – 19 മഹാമാരി ഒരു നിമിത്തമായി വരികയും ചെയ്തു. കഴിഞ്ഞ കാൽ നൂറ്റാണ്ട് കാലം ഇന്ത്യൻ ഭരണവർഗം നടപ്പിൽ വരുത്തിയ നവലിബറൽ നയങ്ങളുടെ പൊള്ളത്തരവും ജനവിരുദ്ധതയും ഇതുപോലെ ഉദാഹരണസഹിതം വെളിപ്പെട്ട മറ്റൊരു കാലഘട്ടമില്ല എന്ന് പൊതുവിൽ ഇന്ത്യൻ ആരോഗ്യരംഗത്തെയും തൊഴിൽ മേഖലയേയും വിദ്യാഭ്യാസരംഗത്തെയും നോക്കി ഉറപ്പിച്ച് പറയാൻ നമുക്കിപ്പോൾ സാധിക്കും. അതോടൊപ്പം നവോത്ഥാനകാലം മുതൽ കേരളം ഇന്ത്യക്ക് മുമ്പേ നടന്ന് ആർജിച്ച സാമൂഹ്യപരതയും ശാസ്ത്രാവബോധവും ജനകീയ ഐക്യവും എത്രമാത്രം പ്രാധാന്യമുള്ളതാണ് എന്നതും അത്തരം പുരോഗമനദിശകളിൽ കേരളം തുടർന്നും സഞ്ചരിക്കേണ്ടതിന്റെആവശ്യകതയും ജനമനസ്സുകളിൽ ഈ പ്രതിസന്ധികാലത്ത്

കൂടുതൽ വ്യക്തതയോടെ ഊട്ടിയുറപ്പിക്കപ്പെട്ടു.

നമുക്കെല്ലാവർക്കും നമ്മുടെ കർമമണ്ഡലത്തോടുള്ള അചഞ്ചലമായ കൂറും അർപ്പണബോധവും ഒപ്പം പ്രതികൂലമായ സാഹചര്യങ്ങളെ അതിജീവിക്കാനുള്ള നമ്മുടെ സഹജമായ കരുത്തും വെളിവാക്കിക്കൊണ്ട് എകെപിസിടിഎയുടെ അറുപത്തിരണ്ടാം സംസ്ഥാനസമ്മേളനം സംഘടനാചരിത്രത്തിലെ ആദ്യത്തെ ഓൺലൈൻ സമ്മേളനമായി മാറി. സമ്മേളന നടത്തിപ്പിനെക്കുറിച്ചും വിവിധതരത്തിലുള്ള ക്രമീകരണങ്ങളെക്കുറിച്ചും ഒട്ടേറെ ആശങ്കകളുമായാണ് നമ്മൾ സമ്മേളനത്തിന്റെ ഇ- വേദിയിൽ ഒത്തുചേർന്നത്. എന്നാൽ അത്തരം ആശങ്കകളെ മുഴുവൻ അപ്രസക്തമാക്കുന്ന തരത്തിൽ സമ്മേളനം വിജയിപ്പിക്കാൻ നമുക്ക് കഴിഞ്ഞു. സാധാരണ സമ്മേളനങ്ങളുടെ ഭാഗമായി നടക്കുന്ന യാത്രയയപ്പ് പോലുള്ള അത്യന്തം വൈകാരികപ്രാധാന്യം ഉള്ള ചടങ്ങുകൾ, നമ്മുടെ സംഘടിതശേഷി വിളിച്ചോതുന്ന പ്രകടനം അടക്കമുള്ള വിവിധതരം പരിപാടികൾ എന്നിവ നടന്നില്ല എന്നത് വലിയ ഒരു പരിമിതി തന്നെയാണ്. ഒത്തുചേരലിന്റെ സാമൂഹ്യവശം നഷ്ടമായി എന്ന പരാധീനത വേറെ. എന്നാൽ ഏതൊരു സമ്മേളനത്തിന്റെയും മർമപ്രധാനമായ റിപ്പോർട്ട് ചർച്ച അടക്കമുള്ള അതിന്റെ ബിസിനസ്സ് സെഷൻ ഉള്ളടക്കം കൊണ്ടും പങ്കാളിത്തം കൊണ്ടും മികവുറ്റതായി മാറ്റിയെടുക്കാൻ നമുക്ക് സാധിച്ചു. ഏറെ പ്രതികൂലമായ അന്തരീക്ഷത്തിലും സംസ്ഥാനസമ്മേളനം ഒരു വൻ വിജയമാക്കി മാറ്റാൻ സഹകരിച്ച മുഴുവൻ പ്രവർത്തകരേയും അഭിവാദ്യം ചെയ്യാൻ ഈ അവസരം ഉപയോഗിക്കുന്നു.

ജനദ്രോഹപരവും രാജ്യദ്രോഹപരവുമായ നയങ്ങളും പരിപാടികളും പ്രഖ്യാപിക്കാനും അവ നടപ്പിലാക്കാനുമുള്ള ഒരു സുവർണ്ണ അവസരമായാണ്ഈ ദുരന്തകാലഘട്ടത്തിനെ കേന്ദ്രഭരണാധികാരികൾ കാണുന്നത് എന്നതിന് ഉത്തമ ഉദാഹരണമാണ് രാജ്യവ്യാപകമായി തൊഴിൽ നിയമങ്ങളിൽ വരുത്തിയ മാറ്റങ്ങളും പരിസ്ഥിതി ആഘാതം സംബന്ധിച്ച നിയമത്തിൽ മാറ്റം വരുത്താൻ ഉദ്ദേശി

**വിദ്യാഭ്യാസത്തിന്റെ പരമപ്രധാനമായ ലക്ഷ്യം രാഷ്ട്ര നിർമ്മാണമാണ്. ഭരണഘടനാ മൂല്യങ്ങളായ ജനാധിപത്യവും സോഷ്യലിസവും മതനിരപേക്ഷതയും പ്രധാനലക്ഷ്യങ്ങളായി പ്രഖ്യാപിച്ചുകൊണ്ട്; ശാസ്ത്രാവബോധവും വിട്ടുവീഴ്ചയില്ലാത്ത അന്വേഷണാത്മകതയും കൈമുതലാക്കി നിർഭയമായി വൈജ്ഞാനികമേഖലകളിൽ വിഹരിക്കുന്ന അക്കാദമിക് സമൂഹത്തിന് മാത്രമേ പുത്തൻ അറിവ് ഉല്പ്പാദിപ്പിച്ചും പുത്തൻ രാഷ്ട്രീയ-സാമൂഹിക മൂല്യവ്യവസ്ഥകൾ കണ്ടെത്തിയും രാഷ്ട്രനിർമാണം എന്ന ജൈവരാഷ്ട്രീയപ്രക്രിയയെ മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുകയുള്ളൂ.**

ച്ചുകൊണ്ടുള്ള EIA, 2020 വിജ്ഞാപനവും ഒപ്പം ഇക്കഴിഞ്ഞ ജൂലൈ 29 ന് കേന്ദ്രമന്ത്രിസഭയുടെ അംഗീകാരത്തോടെ പ്രഖ്യാപിക്കപ്പെട്ടിരിക്കുന്ന സ്വതന്ത്ര ഇന്ത്യയുടെ മൂന്നാം ദേശീയവിദ്യാഭ്യാസനയവും. നവലിബറൽ യുക്തിയും പുനരുത്ഥാനവാദപരമായ സമീപനങ്ങളും ചേർത്തുവെച്ചുകൊണ്ട് തുന്നിച്ചേർത്ത ഈ നയം ചരിത്രത്തോടോ നമ്മുടെ രാജ്യത്തിന്റെ വർത്തമാനകാല ആവശ്യങ്ങളോടോ ഒട്ടും നീതിപുലർത്തുന്നില്ല. ഒന്നും രണ്ടും വിദ്യാഭ്യാസനയങ്ങളുടെ കേന്ദ്രപ്രമേയങ്ങൾ ആയിരുന്ന അവസരസമത്വം, പ്രാപ്യത എന്നിങ്ങനെയുള്ള മർമ്മപ്രധാന ഘടകങ്ങളെ പോലും സ്വകാര്യമേഖലയുടെ കാരുണ്യത്തിന് വിട്ടുകൊടുക്കാനാണ് ഇപ്പോൾ പ്രഖ്യാപിച്ചിരിക്കുന്ന നയം ലക്ഷ്യമിടുന്നത്. വിദ്യാഭ്യാസം ഭരണഘടനയുടെ കൺകറൻറ് പട്ടികയിൽ പ്പെട്ട വിഷയം ആയിരിക്കേ സംസ്ഥാനങ്ങളുടെ അധികാരത്തിനും പ്രവർത്തനോന്മുഖതയ്ക്കും യാതൊരു വിലയും കൽപ്പിക്കാതെ എല്ലാ അധികാരങ്ങളെയും ചില ദേശീയസമിതികളിൽ കേന്ദ്രീകരിച്ചു നിലനിർത്തുന്ന നിലപാടാണ് ഈ നയം സ്വീകരിച്ചിരിക്കുന്നത്. ഇന്ത്യയുടെ നാനാത്വത്തെ ഭയപ്പാടോടെ കാണുകയും വൈവിധ്യത്തെ ശൈഥില്യം എന്ന് പേരിട്ട് വിളിക്കുകയും ചെയ്യുന്ന സംഘപരിവാർകാഴ്ചപ്പാട് തന്നെയാണ് ദേശീയവിദ്യാഭ്യാസനയത്തിൽ പ്രതിഫലിക്കുന്നത്.

എയ്ഡഡ് മേഖലയെ തീർത്തും അരക്ഷിതാവസ്ഥയിലേക്ക് തള്ളിവിടാൻ ഉതകുന്ന ധാരാളം നിർദേശങ്ങൾ ഈ നയത്തിന്റെ ഭാഗമായി ആവിഷ്കരിക്കപ്പെട്ടിട്ടുണ്ട് എന്നത് ഭയാശങ്കകളോടെ മാത്രമേ നമുക്ക് നോക്കിക്കാണാൻ സാധിക്കുകയുള്ളൂ. അഫിലിയേറ്റിംഗ് സമ്പ്രദായം പൂർണമായി അവസാനിപ്പിക്കും എന്നതാണ് അതിലൊന്ന്. എന്നാൽ സർവകലാശാലയ്ക്ക് പകരംഎപ്രകാരമുള്ള സാമൂഹ്യനിയന്ത്രണസംവിധാനങ്ങൾ ആണ് നയരേഖ വിഭാവനം ചെയ്യുന്നത് എന്ന് ചോദിച്ചാൽ നമുക്ക് കിട്ടുന്ന ഉത്തരം ഭാവിയിൽ സമ്പൂർണമായ സ്വകാര്യവല്ക്കരണത്തിന് എയ്ഡഡ് സ്ഥാപനങ്ങൾ വിധേയമാവേണ്ടിവരും എന്നത് തന്നെയാണ്. വിദ്യാർഥിപ്രവേശനകാര്യത്തിലും ഫീസ് നിശ്ച




യിക്കുന്ന കാര്യത്തിലും അദ്ധ്യാ
പകനിയമന കാര്യത്തിലുമെല്ലാം
സ്ഥാപനങ്ങൾക്ക് കേവലാധി
കാരം ലഭിക്കുന്നതോടെ സർവ
കലാശാലാനിയമങ്ങളുടെ ആവി
ർഭാവത്തിനും ഡയരക്റ്റ് പെയ്മെന്റ്
ഉടമ്പടിക്കും മുമ്പുണ്ടായിരുന്ന ഒരു
കാലഘട്ടത്തിന്റെ ദുരന്തചിത്രങ്ങൾ
ആണ് ദേശീയവിദ്യാഭ്യാസനയം
നമുക്ക് സമ്മാനിക്കുന്നത്.

വിദ്യാഭ്യാസത്തിന്റെ പരമപ്രധാ
നമായ ലക്ഷ്യം രാഷ്ട്രനിർമ്മാണ
മാണ്. ഭരണഘടനാ മൂല്യങ്ങളായ
ജനാധിപത്യവും സോഷ്യലിസവും
മതനിരപേക്ഷതയും പ്രധാന
ലക്ഷ്യങ്ങളായി പ്രഖ്യാപിച്ചുകൊ
ണ്ട്; ശാസ്ത്രാവബോധവും വിട്ടുവീഴ്ച
യില്ലാത്ത അന്വേഷണാത്മകതയും
കൈമുതലാക്കി നിർഭയമായി
വൈജ്ഞാനികമേഖലകളിൽ
വിഹരിക്കുന്ന അക്കാദമിക് സമൂ
ഹത്തിന് മാത്രമേ പുത്തൻ അറിവ്
ഉൽപ്പാദിപ്പിച്ചും പുത്തൻ രാഷ്ട്രീയ
-സാമൂഹിക മൂല്യവ്യവസ്ഥകൾ
കണ്ടെത്തിയും രാഷ്ട്രനിർമാണം
എന്ന ജൈവരാഷ്ട്രീയ പ്രക്രിയയെ
മുന്നോട്ടുകൊണ്ടുപോകാൻ സാധി
ക്കുകയുള്ളൂ. ജനങ്ങൾ അവരുടെ
നിത്യജീവിതത്താൽ തീർക്കുന്ന
യഥാർത്ഥ രാജ്യം അല്ല മറിച്ച്ചരി
ത്രാതീതകാലത്ത്ഉണ്ടായിരുന്ന
എന്ന് സംഘപരിവാർപ്രചരിപ്പി
ക്കുന്ന മിഥ്യയെ ഉപാസിക്കാനും
അതിന് കീഴ്വഴങ്ങി ജീവിക്കാ
നമാണ് ഈ നയം അക്കാദമിക
സമൂഹത്തോട് ആവശ്യപ്പെടുന്നത്.
വൈജ്ഞാനികമേഖലയിൽ നമ്മു
ടെ രാജ്യം വികസിതരാജ്യങ്ങൾ
ഉല്പ്പാദിപ്പിക്കുന്ന അറിവിനെ
ആശ്രയിച്ച് തന്നെ ഇനിയും
മുന്നോട്ടുപോകേണ്ടിവരും എന്ന്
ചുരുക്കം. അന്ധവിശ്വാസങ്ങളും
അശാസ്ത്രീയതയും കൊടികുത്തിവാ
ഴുന്ന ഒരു വിദ്യാഭ്യാസസമ്പ്രദായം
ഇന്ത്യക്ക് വേണ്ടി പ്രത്യേകം തയ്യാ
റാക്കുന്ന ഇവർ വൈജ്ഞാനികരം
ഗത്തെ ദാസ്യവൃത്തിക്ക് വേണ്ടി
രാജ്യത്തെ സജ്ജമാക്കുകയാണ്.
രാജ്യസ്നേഹത്തിന്റെ മറപിടിച്ച് രാ
ജ്യത്തെ വില്പനയ്ക്ക് വെയ്ക്കുന്നത് മറ്റ്
പല മേഖലകളിലും നമ്മൾ നേര
ത്തേ കണ്ടതാണ്. വാണിജ്യവർഗീ
യതയുടെ അതേ വൈതാളികർ
ഇപ്പോഴിതാ അവരുടെ കച്ചവടസൂ
ക്തങ്ങളുമായി വിദ്യാഭ്യാസമേഖല
യിലും എത്തിയിരിക്കുന്നു.

നവോത്ഥാന പ്രസ്ഥാനം പകർന്നു
നല്കിയ ഊർജവും ദേശീയ പ്ര
സ്ഥാനത്തിന്റെ പ്രവർത്തനങ്ങളും
കർഷക-ഇടതുപക്ഷ പ്രസ്ഥാനങ്ങ
ളുടെ ദർശനങ്ങളും ഇടപെടലുകളും
ഒക്കെ ചേർന്നാണ് പൊതുമേഖ
ലയ്ക്ക് വൻ തോതിൽ ആധിപത്യം
ഉള്ള കേരളത്തിലെ വിദ്യാഭ്യാ
സരംഗത്തിന് രൂപം നല്കിയത്.
എന്നാൽ സ്വകാര്യകോർപ്പറേറ്റു
കൾക്ക് വിദ്യാഭ്യാസമേഖലയിൽ
സമഗ്രാധിപത്യം നല്കുന്ന നയമാ
ണ് ഇപ്പോൾ കേന്ദ്ര സർക്കാർ
ആവിഷ്കരിച്ചിരിക്കുന്നത്. അതു
കൊണ്ടുതന്നെ കേരളത്തിലെ
വിദ്യാഭ്യാസമേഖലയുടെ അതിജീ
വനമാണ്ഇപ്പോൾ നാം നേരിടുന്ന
മുഖ്യപ്രശ്നം. സാമൂഹ്യനീതിയിലും
പ്രാപ്യതയിലും കേരളം നേടിയ
വൻ നേട്ടങ്ങൾ കൈവിടാതെ
മികവിന്റെ പാതയിൽ മുന്നേറാൻ
കേരളത്തിന്സാധിക്കണമെങ്കിൽ
“ദേശീയവിദ്യാഭ്യാസനയം, 2020
പിൻവലിക്കുക,  വിദ്യാഭ്യാസമേ
ഖലയെ സംരക്ഷിക്കുക” എന്ന മു
ദ്രാവാക്യം ഉയർത്തിക്കൊണ്ടു നാം
നടത്തുന്ന പ്രവർത്തനങ്ങൾക്ക്
ശക്തമായ ബഹുജനപിന്തുണ
നേടിയെടുക്കേണ്ടതായുണ്ട്. അതാ
യിരിക്കണം ഈ കാലഘട്ടത്തിൽ
ഓരോ സംഘടനാപ്രവർത്തകനും
ഏറ്റെടുക്കേണ്ട പ്രധാന ദൗത്യം.

വീഡിയോ
കാണുവാൻ
ക്യൂആർ കോഡ്
സ്കാൻ ചെയ്യുക.

റിപ്പോർട്ട്

# പുതിയ ചരിത്രമെഴുതിച്ചേർത്ത 62 -ാം സംസ്ഥാന സമ്മേളനം

2020 ജനവരി 13-ാം തീയതിയാണ് കായംകുളം എം എസ് എം കോളജിൽ വച്ച് സമ്മേളനത്തിന്റെ ഭാഗമായുള്ള സ്വാഗത സംഘം രൂപീകരിച്ചത്. സിപിഎം ജില്ലാ സെക്രട്ടറി സഖാവ് ആർ നാസർ യോഗം ഉദ്ഘാടനം ചെയ്തു. സംസ്ഥാന വൈസ് പ്രസിഡന്റ് ഡോ. കെ. സന്തോഷ് അദ്ധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി ഡോ. പി എൻ ഹരികുമാർ സ്വഗതം പറഞ്ഞു. സംസ്ഥാന പ്രവർത്തക സമിതി അംഗങ്ങൾ, സഹോദര സംഘടനാ പ്രതിനിധികൾ, പൊതു വിപ്ലവ പ്രസ്ഥാനത്തിന്റെ നേതാക്കൾ, യുവജന - വിദ്യാർത്ഥി പ്രസ്ഥാന നേതാക്കളും ജില്ലയിലെ അദ്ധ്യാപകരുമടക്കം നൂറ്റമ്പതിൽ അധികം പേർ പങ്കെടുത്ത യോഗമാണ് നടന്നത്. സംസ്ഥാന സെക്രട്ടറി ആർ ഇന്ദുലാൽ സ്വാഗത സംഘ പാനൽ അവതരിപ്പിച്ചു. സഖാക്കൾ അഡ്വ. ജി സുധാകരൻ, ഡോ. തോമസ് ഐസക്ക്, സഖാവ് ആർ നാസർ, സി എസ് സുജാത, സജി ചെറിയാൻ, എ എം ആരിഫ്, ആർ രാജേഷ്, അഡ്വ. യു പ്രതിഭ, എം എ അലിയാർ എന്നിവർ രക്ഷാധികാരികളായും സ്വാഗത സംഘം ചെയർമാൻ അഡ്വ. കെ എച്ച്









ബാബു ജാൻ, ജനറൽ കൺവീനർ പ്രൊഫ. ആർ ഇന്ദുലാലടക്കം നൂറംഗ സ്വാഗതസംഘ എക്സിക്യൂട്ടിവിനെ യോഗം തിരഞ്ഞെടുത്തു.

സഖാവ് പി രാജീവ്, രവീന്ദ്രൻ മാഷ്, കെ ടി ജലീൽ രശ്മിതാ രാമചന്ദ്രൻ എന്നിവരെയടക്കം പങ്കെടുപ്പിച്ചു കൊണ്ടുള്ള പൊതു സെമിനാറുകൾ തീരുമാനിക്കുകയും, ജില്ലയെ നാല് മേഖലകളായി തിരിച്ച് സംഘാടക സമിതികൾ രൂപീകരിക്കുകയും ചെയ്തു. രശ്മിതയെ പങ്കെടുപ്പിച്ചുകൊണ്ടുള്ള മാർച്ച് 11ന്റെ സെമിനാറിന്റെ രണ്ടു ദിവസം മുൻപ് കായംകുളത്ത് പത്രസമ്മേളനം നടത്തി. സംസ്ഥാന ജനറൽ സെക്രട്ടറി ഡോ. പി എൻ ഹരികുമാർ, കെ.എച്ച് ബാബുജാൻ, (ചെയർമാൻ) ജനറൽ കൺവീനർ ആർ ഇന്ദുലാൽ, പാർട്ടി ഏരിയാ സെക്രട്ടറി പി അരാവിന്ദാക്ഷൻ, മുനിസിപ്പൽ ചെയർമാൻ അഡ്വ. എൻ ശിവദാസൻ, ഫിനാൻസ് കൺവീനർ മനോജ് ടി ആർ എന്നിവർ പങ്കെടുത്തു.

ദേശീയ വിദ്യാഭ്യാസനയത്തെ പ്രതിരോധിക്കുക - മതനിരപേക്ഷ പൗരത്വം ഉയർത്തിപ്പിടിക്കുക എന്നതാണ് മാർച്ച് 20, 21, 22 തീയ്യതികളിൽ കായംകുളത്ത് വെച്ച് നടന്ന എ കെ പി സി ടി എ അറുപത്തിരണ്ടാം സംസ്ഥാന സമ്മേളനത്തിന്റെ മുദ്രാവാക്യം ആയി നിശ്ചയിച്ചത്. ചരിത്രകാരനായ ഡോ. കെ.എൻ. പണിക്കർ മുദ്രാവാക്യം പ്രകാശനം ചെയ്തു സംസാരിച്ചു.

ഉന്നതവിദ്യാഭ്യാസത്തെ തകർത്തെറിയുന്ന ദേശീയ വിദ്യാഭ്യാസ

നയവുമായി മുന്നോട്ട് പോകുന്ന കേന്ദ്ര സർക്കാറിന്റെ നിലപാടുകൾ തിരുത്തിക്കുറിക്കാനുള്ള പോരാട്ടത്തിൽ കോളജധ്യാപകർ സജീവമാകണമെന്നും മതനിരപേക്ഷ പൗരത്വം ഉയർത്തിപ്പിടിക്കണമെന്നും പ്രശസ്ത ചരിത്രകാരൻ ഡോ. കെ.എൻ.പണിക്കർ ആവശ്യപ്പെട്ടു.

ഇതിൽ നേതൃത്വപരമായ പങ്ക് വഹിക്കാൻ എ കെ പി സി ടി എക്കാണ് സാധിക്കുക. കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസത്തിന്റെ ചരിത്രം എ കെ പി സി ടി എ യുടെ ചരിത്രം തന്നെയാണ്. സർവ്വകലാശാലകളുടെ സ്വയംഭരണാവകാശം തകർക്കുന്ന നയങ്ങളാണ് യു.ജി.സി സ്വീകരിക്കുന്നത്. എയ്ഡഡ് കോളജധ്യാപകരുടെ അക്കാദമിക് - സർവീസ് കാര്യങ്ങളിൽ അവസാന ശബ്ദം സർവ്വകലാശാല തന്നെയായിരിക്കണം. അധ്യാപകരുടെ സ്ഥാനക്കയറ്റമുൾപ്പെടെയുള്ള കാര്യങ്ങളിൽ മേൽക്കൈ സർവകലാശാലക്ക് തന്നെയാകണം. ഈ സ്വയംഭരണാവകാശത്തെയാണ് യുജിസി റഗുലേഷനുകളിലൂടെ തകർക്കുന്നത്. ഇത് പ്രതിരോധിക്കാനാവണം.

തിരുവനന്തപുരത്ത് ഡോ.കെ. എൻ.പണിക്കറുടെ വസതിയിൽ വെച്ച് നടന്ന ചടങ്ങിൽ ഐഫക്റ്റോ മുൻ സോണൽ സെക്രട്ടറി എ ജി ഒലീന അധ്യക്ഷയായി. സംസ്ഥാന പ്രവർത്തക സമിതി യംഗങ്ങളായ ഡോ.എം.ശ്രീകുമാർ, എ നിശാന്ത്, സംസ്ഥാന വനിതാ കൺവീനർ ഡോ.കെ ആർ കവിത, തിരുവനന്തപുരം ജില്ലാ സെക്രട്ടറി പി എ രമേഷ് കുമാർ എന്നിവർ സംസാരിച്ചു.

സംസ്ഥാന സമ്മേളനത്തിന്റെ സ്വാഗതസംഘം ജനറൽ കൺവീനറും എ കെ പി സി ടി എ സംസ്ഥാന സെക്രട്ടറിയുമായ ആർ.ഇന്ദുലാൽ സ്വാഗതവും, ഫിനാൻസ് കമ്മിറ്റി കൺവീനറും ആലപ്പുഴ ജില്ലാ സെക്രട്ടറിയുമായ ടി ആർ മനോജ് നന്ദിയും പറഞ്ഞു.

എകെപിസിടിഎ അറുപത്തിരണ്ടാമത് സംസ്ഥാന സമ്മേളനത്തിന്റെ ലോഗോ പ്രകാശനവും "മതനിരപേക്ഷത വയലാർ കവിതകളിൽ " എന്ന വിഷയത്തിൽ സെമിനാറും സംഘടിപ്പിച്ചു. ഫെബ്രുവരി 27 വ്യാഴാഴ്ച ഉച്ചയ്ക്ക് 2.30 മണിയ്ക്ക് കായംകുളം എം എസ് എം കോളേജ് കോൺഫറൻസ് ഹാളിൽ നടന്ന ലോഗോ പ്രകാശനം മുൻസിപ്പൽ ചെയർമാൻ അഡ്വ. എൻ ശിവദാസനു നല്കി ഗാനരചയിതാവ് വയലാർ ശരത്ചന്ദ്രവർമ്മ നിർവഹിച്ചു. തുടർന്ന് മതനിരപേക്ഷത വയലാർ കവിതകളിൽ എന്ന വിഷയത്തെ ആസ്പദമാക്കി അദ്ദേഹം സംസാരിച്ചു. വയലാറിന്റെ ചലച്ചിത്രഗാനങ്ങളിലും കവിതകളിലും മതത്തിനും ജാതിക്കും അതീതമായി വർത്തിക്കുന്ന മാനവികതയെക്കുറിച്ചാണ് മുഖ്യമായും സംസാരിച്ചത്." ഇതര മതത്തിന്റെ അപേക്ഷ സ്വീകരിക്കുന്നതായിരിക്കണം നിന്റെ മതം" എന്ന് പറഞ്ഞു തരാൻ വയലാറിനെപോലെ ഒരു അച്ഛൻ ഉണ്ടായതാണ് ജീവിതത്തിന്റെ ഗതിയെ മാറ്റിയതെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ശാസ്ത്രത്തിനും മതങ്ങൾക്കുമപ്പുറം പ്രണയത്തെ പ്രതിഷ്ഠിച്ചതിൽ മനുഷ്യനെക്കുറിച്ചുള്ള വലിയ പ്രതീക്ഷയുണ്ട്. ക്ഷത്രിയന്റെ യുദ്ധവാളു വിറ്റു മനുഷ്യനെ ഒന്നാക്കുന്ന സ്നേഹത്തിന്റെയും സംഗീതത്തിന്റെയും തുലിക മതി എന്ന് പറഞ്ഞതുകൊണ്ട് ഏറെ വിമർശനങ്ങൾ ഏറ്റു വാങ്ങിയ കവിയാണ് വയലാർ.അച്ഛന്റെയും ഗുരുക്കന്മാരുടെയും വാക്കുകളാണ് അഭിപ്രായങ്ങളെ രൂപപ്പെടുത്തിയത്.അധ്യാപർക്കും അധ്യാപക സംഘടനയായ എകെപിസിടിഎയ്ക്കും തലമുറകളെ രൂപപ്പെടുത്തുന്നതിൽ വലിയ പങ്കുണ്ടെന്ന് ശരത്ചന്ദ്ര വർമ്മ അഭിപ്രായപ്പെട്ടു. കുമാരനാശാൻ സ്മാരക വൈസ് ചെയർമാൻ രാമപുരം ചന്ദ്രബാബു അധ്യക്ഷത വഹിച്ച യോഗത്തിൽ കേരള സർവകലശാല സിൻഡിക്കേറ്റ് അംഗം അഡ്വ കെ എച്ച് ബാബുജാൻ മുഖ്യപ്രഭാഷണം നടത്തി. എ കെ പി സി ടി എ സംസ്ഥാന ജനറൽ സെക്രട്ടറി ഡോ പി എൻ ഹരികുമാർ ആമുഖ പ്രഭാഷണം നടത്തി. സഖാക്കൾ പി അരവിന്ദാക്ഷൻ, ബി അബിൻഷാ, അഡ്വ എസ് സുനിൽ കുമാർ, പ്രൊഫ. ആർ ഇന്ദുലാൽ, ഡോ.ടി.ആർ. മനോജ് എന്നിവർ സംസാരിച്ചു.

സംസ്ഥാന സമ്മേളനത്തിന് വേണ്ടിയുള്ള മുന്നൊരുക്കങ്ങൾ എല്ലാം തന്നെ പൂർത്തിയായിരുന്നു. പ്രചരണത്തിന്റെ ഭാഗമായി ദേശീയ പാതയിലും എം സി റോഡിലും 20 ചുവരുകൾ എഴുതിയിരുന്നു. ജില്ലയുടെ വിവിധ ഭാഗങ്ങളിൽ 22 പ്രചരണ ബോർഡുകൾ സ്ഥാപിച്ചു. 20 മീറ്ററിന്റെ കളർ ബാനർ കായംകുളം ടൗണിൽ സ്ഥാപിച്ചു. 178 ഹോട്ടൽ മുറികൾ ബുക്ക് ചെയ്തിരുന്നു. കായംകുളം ടൗണിലെ പ്രധാനപ്പെട്ട ഓഡിറ്റോറിയം ജി ഡി എം തന്നെയാണ് സമ്മേളനത്തിന് വേണ്ടി ബുക്ക് ചെയ്തിരുന്നത്.

ആലപ്പുഴ ജില്ലയിലെ കിടപ്പു രോഗികളുടെയും മറ്റ് ഗുരുതര രോഗം ബാധിച്ചു കിടക്കുന്നവരുടെയും ഇടയിൽ പ്രവർത്തിക്കുന്നവരുടെ ഒരു സന്നദ്ധ സംഘടനയാണ് കെ കെ സി, കേരള സർവകലാശാല സിൻഡിക്കേറ്റ് മെമ്പറും സ്വാഗത സംഘ ചെയറുമാനുമായിരുന്ന അഡ്വ. കെ എച്ച് ബാബുജാനാണ് ഈ സംഘടനയുടെ ചെയർമാൻ. സംസ്ഥാന സമ്മേളനത്തിന്റെ ഭാഗമായി 230000 രൂപ സമാഹരിച്ച് ഈ സംഘടനയുടെ പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകുവാൻ കഴിഞ്ഞു.

കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ 10-ാം തീയതി സംസ്ഥാനത്ത് പൊതുപരിപാടികൾ നിരോധിച്ചതിനാൽ മുഴുവൻ ഒരുക്കങ്ങളും പൂർത്തികരിച്ച 11-ാം തീയതിയിലെ സെമിനാറും പിന്നീട് സമ്മേളനവും മാറ്റി വയ്ക്കേണ്ടിവന്നു.

പിന്നീട് സവിശേഷമായ സാഹചര്യങ്ങൾ പരിഗണിച്ചുകൊണ്ട് ചരിത്രത്തിൽ ആദ്യമായി ഒരു ബൃഹദ് സംഘടനയുടെ സംസ്ഥാന സമ്മേളനം വെർച്ച്വൽ സംവിധാനത്തിൽ ആസൂത്രണം ചെയ്യുകയാണ് ഉണ്ടായത്. സമാന്തരമായ രീതികളാണ് അതിന് അവലംബിച്ചത്. കായംകുളത്ത്

ഒരു ഉദ്ഘാടന വേദി സജ്ജീകരിച്ചു. പതിവുപോലെ പതാക ഉയർത്തുകയും രക്തസാക്ഷി മണ്ഡപത്തിൽ പുഷ്പാർച്ചന നടത്തുകയും ചെയ്തു. അതുകൊണ്ടുതന്നെ സ്ഥലപരമായി ഭൗതികമായ അന്തരീക്ഷം നിലനിർത്തുന്നതിനും ഒരു പ്രതീതി യാഥാർത്ഥ്യം മാത്രമായി സമ്മേളനം മാറിപ്പോകാതിരിക്കുവാനും സഹായിച്ചു എന്ന് വിലയിരുത്തപ്പെട്ടു.

**എകെപിസിടിഎ 62 സം–ാം സംസ്ഥാന സമ്മേളനം**
2020 ജൂലൈ 18 ശനി ഓൺലൈനിൽ
കാര്യപരിപാടി

9.30 am. പതാക ഉയർത്തൽ
രക്തസാക്ഷി മണ്ഡപത്തിൽ പുഷ്പാർച്ചന

9.45 am. രക്തസാക്ഷി പ്രമേയം:
ഷീല എം. ജോസഫ്
(വൈസ് പ്രസിഡന്റ്, എകെപിസിടിഎ)

9.47 am. അനുശോചന പ്രമേയം:
ഡോ. വി.പി. മാർകോസ്
(സംസ്ഥാന സെക്രട്ടറി, എകെപിസിടിഎ)

9.55 സ്വാഗതം : അഡ്വ. കെ.എച്ച്. ബാബുജാൻ
(ചെയർമാൻ, സ്വാഗത സംഘം, സിൻഡിക്കേറ്റംഗം, കേരള സർവ്വകലാശാല)

10.am. അദ്ധ്യക്ഷൻ: ഡോ. സി. പത്മനാഭൻ
(പ്രസിഡൻറ്, എകെപിസിടിഎ)

10.15 am. ഉദ്ഘാടനം: ശ്രീ. ജി. സുധാകരൻ
(ബഹു. പൊതുമരാമത്ത് രജിസ്ട്രേഷൻ മന്ത്രി)

10.40 മുഖ്യപ്രഭാഷണം:
ശ്രീ. കെ. എൻ. ബാലഗോപാൽ (മുൻ എം.പി.)

10.50 ആശംസ: പ്രൊഫ. പി. രഘുനാഥ്
(മുൻ ജനറൽ സെക്രട്ടറി, എകെപിസിടിഎ)

11 am. കൃതജ്ഞത : ഡോ. കെ.പി. വിനോദ്കുമാർ
(സംസ്ഥാന സെക്രട്ടറി, എകെപിസിടിഎ)
















**11. 15 a.m. പ്രതിനിധി സമ്മേളനം**
സ്വാഗതം: പ്രമോദ് വെള്ളച്ചാൽ
(സംസ്ഥാന സെക്രട്ടറി, എകെപിസിടിഎ)

അദ്ധ്യക്ഷൻ: ഡോ. സി.പത്മനാഭൻ
(പ്രസിഡന്റ്)

റിപ്പോർട്ട് അവതരണം: ആർ. ഇന്ദുലാൽ
(ജനറൽ സെക്രട്ടറി)

കണക്ക് അവതരണം: ഡോ. കുശലകുമാരി
(ട്രഷറർ)

ചർച്ച
മറുപടി: ജനറൽ സെക്രട്ടറി, ട്രഷറർ

പ്രമേയാവതരണം: പ്രൊഫ. എ. നിഷാന്ത്
(സിൻഡിക്കേറ്റംഗം, കണ്ണൂർ സർവ്വകലാശാല)

തിരഞ്ഞെടുപ്പ് നടപടികൾ:
ഡോ . കെ. സന്തോഷ് (സംസ്ഥാന വരണാധികാരി
വൈസ് പ്രസിഡന്റ്, എകെപിസിടിഎ)

കൃതജ്ഞത: ഡോ. മനോജ് റ്റി. ആർ.
(കൺവീനർ, ഫിനാൻസ് കമ്മിറ്റി, സ്വാഗത സംഘം)

## സംസ്ഥാന സമ്മേളന അവലോകനം

മാർച്ചിൽ കായംകുളത്ത് സമ്മേളന ഒരുക്കങ്ങൾ ഏതാണ്ട് പൂർത്തി ആയ ഘട്ടത്തിൽ ആണ് മാറ്റി വെക്കേണ്ടി വന്നത്- പ്രചരണവും അനുബന്ധ പരിപാടികളും മറ്റു മുന്നൊരുക്കങ്ങളും ഏറെക്കുറെ പൂർത്തിയായിരുന്നു - ജൂലായ് 18 ഓൺലൈൻ സമ്മേളനം - മികച്ച പങ്കാളിത്തം - കായംകുളത്ത് പ്രത്യേക വേദി സജ്ജീകരിച്ചത് സമ്മേളനത്തിന് ഗാംഭീര്യം പകർന്നു - ജില്ലാതലത്തിൽ ഗ്രൂപ്പ് ചർച്ചകൾ നടത്തി രണ്ട് പ്രതിനിധികളെ വീതം പങ്കെടുപ്പിച്ചത് വിശദമായ ചർച്ച നടക്കാൻ ഇടയാക്കി - 23 പേർ ചർച്ചയിൽ പങ്കെടുത്തു- ഉദ്ഘാടന പ്രസംഗവേളയിൽ ഉണ്ടായ സാങ്കേതിക പ്രശ്നങ്ങൾ ഒഴിച്ചുനിർത്തിയാൽ സമ്മേളനം തുടക്കം മുതൽ ഒടുക്കം വരെ സുഗമമായി മുന്നേറി- സമ്മേളന റിപ്പോർട്ട് മികച്ച നിലവാരം പുലർത്തി എന്ന പൊതു അഭിപ്രായം ഉയർന്നുവന്നു - പ്രതിനിധികൾ ഉന്നയിച്ച മുഴുവൻ പ്രശ്നങ്ങളെയും അഭിസംബോധന ചെയ്തുകൊണ്ട് ജനറൽ സെക്രട്ടറി നൽകിയ മറുപടിപ്രസംഗം ഉന്നത നിലവാരം പുലർത്തി എന്നതാണ് പൊതുവെയുള്ള വിലയിരുത്തൽ.

റിപ്പോർട്ടിൽ സ്വയം വിമർശനപരമായ ഉള്ളടക്കം വേണ്ടത്ര വന്നില്ല എന്ന ഒരു പരിമിതി ചൂണ്ടിക്കാണിക്കപ്പെട്ടു- സംസ്ഥാന സമിതിയുടെയും മേഖലാ ജില്ലാ സമിതികളുടെയും അക്കാഡമിക്, വനിത, സർവീസ്, ജേർണൽ സമിതികളുടെയും പ്രവർത്തനങ്ങളെ വിമർശനപരമായി കൂടി വിലയിരുത്തുന്ന രീതി ഭാവിയിൽ അവലംബിക്കേണ്ടതാണ് - ചർച്ചയിൽ പങ്കെടുത്ത ചില പ്രതിനിധികൾ ഉന്നയിച്ച കാര്യങ്ങൾ ജില്ലാതല ചർച്ചയുടെ ഭാഗമായി ഉയർന്നു വന്നതാണോ അതല്ല പ്രതിനിധിയുടെ സ്വന്തം അഭിപ്രായം ആണോ എന്ന സംശയം ചിലപ്പോഴെല്ലാം ഉണ്ടായി-ഏതായാലും ചരിത്രപരമായ ഈ സമ്മേളനത്തോടെ ഓൺലൈൻ യോഗങ്ങളുടെ സാധ്യതകൾ നമുക്ക് ബോധ്യപ്പെട്ടു എന്നത് യാഥാർഥ്യമാണ്.

### ഉന്നയിക്കപ്പെട്ട വിഷയങ്ങൾ – ഏറ്റെടുക്കേണ്ട പരിപാടികൾ

ചില വിഷയങ്ങളിൽ ഊന്നി മികച്ച ചർച്ച നടന്നുവെങ്കിലും സംഘടനയുമായി ബന്ധപ്പെട്ട പൊതു കാര്യങ്ങൾ, പുതിയ കാലഘട്ടത്തിൽ ഏറ്റെടുക്കേണ്ട പദ്ധതികൾ, സംഘടനാ പ്രവർത്തനത്തിൽ കാലോചിതമായി വരുത്തേണ്ട മാറ്റങ്ങൾ, ഇന്ന് നിലനിൽക്കുന്ന പൊതു രാഷ്ട്രീയ സാമൂഹിക സാംസ്കാരിക വിദ്യാഭ്യാസ സാഹചര്യം എന്നിവയെക്കുറിച്ച് വേണ്ടത്ര ചർച്ചകൾ ഉണ്ടായില്ല എന്നതും കാണേണ്ടതുണ്ട് - ചില പ്രധാന പ്രശ്നങ്ങളിലും ആവശ്യങ്ങളിലും മാത്രമായി ചർച്ചകൾ ചുരുങ്ങി പോകുന്നു എന്നത് ഒരു പരിമിതിയാണ്- ഏപ്രിൽ ഒന്നിന്റെ ഉത്തരവ്, ഏഴാം ശമ്പള പരിഷ്കരണം, കോളേജുകളിലെ സമയമാറ്റം, ഗസ്റ്റ് നിയമനം തുടങ്ങിയവയാണ് കാര്യമായി ഉന്നയിക്കപ്പെട്ട പ്രശ്നങ്ങൾ.

തയ്യാറാക്കിയത് :
**ഡോ. മനോജ് ടി. ആർ**

സമ്മേളനം പൂർണമായി കാണുന്നതിന് QR CODE സ്കാൻ ചെയ്യുക



# ദേശീയ വിദ്യാഭ്യാസ നയം

**ഡോ. ലക്ഷ്മിപ്രിയ എൻ.**
എം.ജി. കോളേജ്, തിരുവനന്തപുരം



സ്വാതന്ത്ര്യാനന്തരം രാഷ്ട്ര നിർമ്മാണത്തിന് പ്രാധാന്യം നല്കി രൂപീകരിച്ച വിദ്യാഭ്യാസ  നയങ്ങളുടെ കാഴ്ച്ചപ്പാടുകളേയും ദാർശനിക പരിസരങ്ങളേയും പൂർണമായി അട്ടിമറിക്കുന്നതാണ് ദേശീയ വിദ്യാഭ്യാസ നയം 2020. വിദ്യാഭ്യാസ സമ്പ്രദായം കാലാനുസൃതമായി മാറേണ്ടതുണ്ട് എന്ന ന്യായവാദത്തിൽ ഊന്നി രൂപപ്പെടുത്തിയിരിക്കുന്ന പ്രസ്തുത വിദ്യാഭ്യാസ നയം പ്രത്യക്ഷമായി തന്നെ സ്വകാര്യവത്കരണത്തിനും വിദ്യാഭ്യാസ കച്ചവടത്തിനും വഴി തുറക്കുന്നു. നളന്ദ, തക്ഷശില തുടങ്ങിയ പുരാതന വിദ്യാഭ്യാസ രീതികളെ അവലംബിക്കുന്നു എന്ന് വ്യക്തമാക്കുന്ന നയരേഖ പുനരുത്ഥാനവാദവും വർഗീയതയും ഹിന്ദുത്വ അജണ്ടയും ഇന്ത്യൻ സംസ്കാരം എന്ന പേരിൽ അടയാളപ്പെടുത്തുന്നു. പോളിസി പരാമർശിച്ചിരിക്കുന്ന പുരാതന വിദ്യാഭ്യാസ സമ്പ്രദായത്തിലെ ബുദ്ധ-ജൈന വിദ്യാഭ്യാസ പരമ്പര്യത്തെക്കുറിച്ച്



തീരെ പരാമർശിക്കാതെ, അവയെ ഹിന്ദു വിജ്ഞാന ശ്രോതസ്സായി മാറ്റി പ്രതിഷ്ഠിക്കാനുള്ള ശ്രമം പ്രകടമാണ്. ഇന്ത്യ ഒരു ഏകശിലാ സങ്കൽപ്പമല്ലെന്നിരിക്കെ, ഇന്ത്യൻ സംസ്കാരം, ഇന്ത്യൻ പൈതൃകം എന്നീ പ്രയോഗങ്ങൾ എത്തിനിൽക്കുക സാമ്പത്തിക - സാമൂഹിക അധികാര വർഗ്ഗത്തിന്റെ താല്പര്യങ്ങൾക്കനുസരിച്ചാണ്. വിദ്യാഭ്യാസത്തെ വ്യവസായവുമായി നിരന്തരം ചേർത്ത് വായിക്കുന്ന നയം വിദ്യാഭ്യാസത്തിൽ അടങ്ങേണ്ട നീതിയുക്തികളെ മുഴുവനായ് തള്ളുന്നു. മാത്രമല്ല, ഇന്ത്യയുടെ വൈവിധ്യത്തെ ബോധപൂർവം ഇല്ലായ്മ ചെയ്യുന്നു. കോത്താരി കമ്മീഷന്റെ ശുപാർശകളെ പിൻപറ്റിയുള്ള 1968 ലെ ആദ്യത്തെ ദേശീയവിദ്യാഭ്യാസനയത്തിൽ പറഞ്ഞിരുന്ന സാമൂഹികവികസന പദ്ധതികളുടെ ധാരണ 1986 ലെ ദേശീയ വിദ്യാഭ്യാസനയത്തിൽത്തന്നെ ദിശമാറുന്നത് കാണാനാകും. ദേശീയവിദ്യാഭ്യാസനയം - 2020 ൽ എത്തുമ്പോൾ സാമൂഹികപാരസ്പര്യം, സാമൂഹികനീതി, തുല്യത, പ്രാപ്യത തുടങ്ങിയ ആശയങ്ങൾ പൂർണ്ണമായി തുടച്ചുമാറ്റപ്പെട്ടതായി കാണാൻ കഴിയും. മാത്രമല്ല, ഏറ്റവും ജനാധിപത്യവിരുദ്ധമായ വിദ്യാഭ്യാസ ആശയങ്ങൾ ഉട്ടോപ്പിയൻ സ്വഭാവത്തോടുകൂടി നിരത്താൻ ശ്രമിക്കുകയാണ് ദേശീയവിദ്യാഭ്യാസനയം 2020. ലോകോത്തര ഗുണമേൻമയ്ക്കൊപ്പം എത്തിപ്പെടാനുള്ള നയങ്ങൾ സ്വരുക്കൂട്ടുന്ന നയം, ഇന്ത്യയുടെ സാമൂഹികയാഥാർത്ഥ്യം കണ്ടില്ല എന്ന് നടിക്കുന്നു. ഗുണമേൻമയെക്കുറിച്ച് വാചാലമാകുന്ന നയം സംവരണത്തെക്കുറിച്ച് ഒന്നും പറയുന്നുമില്ല. സംവരണതത്ത്വങ്ങളെ പൂർണ്ണമായി നിരാകരിച്ചു കൊണ്ട് സംവരണത്തെ മെരിറ്റിന്റെ ദ്വന്ദ്വമായി സ്ഥാപിക്കുന്ന നയം, സംവരണതത്ത്വത്തിന്റെ രാഷ്ട്രീയത്തെത്തന്നെ അട്ടിമറിക്കുന്നു.

ഉന്നതവിദ്യാഭ്യാസം എത്തിപ്പെടാൻ ഇന്നും കാതങ്ങളും ജനതയും ബാക്കി നിൽക്കുന്ന ഇന്ത്യൻ യാഥാർത്ഥ്യത്തെ തീർത്തും അവഗണിച്ചുകൊണ്ട് വ്യവസായവും മൂലധനശക്തികളും ആവശ്യപ്പെടുന്ന പ്രകാരം സ്വകാര്യ - അധികാര ധാരണകളിലേയ്ക്ക് വിദ്യാഭ്യാസത്തെ മാറ്റി പ്രതിഷ്ഠിക്കാനുള്ള ശ്രമം ദേശീയവിദ്യാഭ്യാസനയം - 2020 ൽ പ്രകടമാണ്.

വിദ്യാഭ്യാസത്തിൽനിന്ന് സർക്കാർ പിൻവാങ്ങിയാൽ, അത് വിദ്യാഭ്യാസത്തിന്റെ സാമൂഹികവത്കരണത്തിന് തിരിച്ചടിയാകും. അഫിലിയേറ്റിങ്ങ് രീതി എടുത്തുമാറ്റുക വഴി സർവകലാശാലകളുടെ അധികാരത്തെ തന്നെ റദ്ദ് ചെയ്യുന്ന പ്രസ്തുത വിദ്യാഭ്യാസ നയം. മാത്രമല്ല സ്വകാര്യവത്കരണത്തിനും സ്വാശ്രയ മേഖലയ്ക്കും ഊന്നൽ കൊടുക്കുന്ന പ്രസ്തുത വിദ്യാഭ്യാസ നയം സർക്കാർ/എയ്ഡഡ് മേഖലയുടെ മരണമണിയും മുഴക്കും. ഉന്നത വിദ്യാഭ്യാസ മേഖലയെ മൂന്നുതരമായി തിരിക്കാനാണ് ദേശീയ വിദ്യാഭ്യാസ നയം

2020 തീരുമാനിച്ചിരിക്കുന്നത്. ഇതിൽ ടൈപ്പ് 1, ടൈപ്പ് 2 വിഭാഗത്തിൽപ്പെടുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളെ ഗവേഷണ സർവകലാശാലകളായും (ടൈപ്പ് 1) അദ്ധ്യാപന സർവകലാശാലകളായും (ടൈപ്പ് 2) തിരിച്ചിരിക്കുന്നു. മൾട്ടിഡിസിപ്ലിനറി ആയാണ് പ്രസ്തുത സർവകലാശാലകളിൽ കോഴ്സുകൾ വിഭാവനം ചെയ്തിരിക്കുന്നത്. മൂവായിരത്തിൽ കൂടുതൽ വിദ്യാർത്ഥികൾക്ക് ഒരേ സമയം പഠിക്കാൻ സാധിക്കുന്നതാകണം ഇത്തരം ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഘടനയും ഭൗതിക സാഹചര്യങ്ങളും എന്ന് വിദ്യാഭ്യാസ നയം വ്യക്തമാക്കുന്നുണ്ട്. നിലവിലെ ദേശീയ / പ്രാദേശീയ സാഹചര്യത്തിൽ ഇത്തരം ഒരു വിദ്യാഭ്യാസ സ്ഥാപനം തുടങ്ങാനും നടത്തിക്കൊണ്ടുപോകാനും വേണ്ടുന്ന സ്ഥലവും സ്രോതസ്സും മറ്റ് അവശ്യഘടകങ്ങളും പ്രദാനം ചെയ്യാൻ സർക്കാരുകൾക്ക് കഴിഞ്ഞെന്ന് വരില്ല. ഇത്തരുണത്തിൽ സ്വാഭാവികമായി സ്വകാര്യ കുത്തക മുതലാളിമാർ തൽപരരായി മുന്നിട്ടിറങ്ങും. പട്ടണങ്ങളിൽ മാത്രമായി ഒതുങ്ങാതെ എല്ലാ ഉൾപ്രദേശങ്ങളിലേയ്ക്കും എത്തിച്ചേർന്ന പ്രാഥമിക / ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങൾ കേരളത്തിന്റെ വികസന ചരിത്രത്തിൽ പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. എന്നാൽ, വിദ്യാഭ്യാസ കേന്ദ്രങ്ങളെ ഒരേ അച്ചിൽ വാർത്ത് തിരഞ്ഞെടുത്ത കേന്ദ്രങ്ങളിലേയ്ക്ക് മാത്രം മാറ്റി നിർത്താൻ വിദ്യാഭ്യാസ നയം 2020 ആഹ്വാനം ചെയ്യുന്നു. രാഷ്ട്രത്തിന്റെ വൈവിധ്യത്തേയും പ്രാദേശിക ആവശ്യമനുസരിച്ചുള്ള വികേന്ദ്രീകരണത്തെയും വിദ്യാഭ്യാസ സമ്പ്രദായത്തിലെ 'ശൈഥില്യം' എന്ന ഒറ്റ വാക്കിൽ വായിച്ചെടുക്കുകയാണ് നയം. ഇന്ത്യയുടെ രാഷ്ട്ര സങ്കല്പത്തിനു തന്നെ വിരുദ്ധമായ ഈ വായനയിൽ ഹിന്ദുത്വ അജണ്ട വ്യക്തമാണ്. ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങൾ ഇത്തരത്തിൽ വലിയ ഉള്ളടക്കത്തോടെ മാറുമ്പോൾ സാമൂഹ്യനീതി, ലിംഗനീതി തുടങ്ങിയവ ഇല്ലാതാകും.ഇത്തരം വൻകിട വിദ്യാഭ്യാസപദ്ധതി കൃത്യമായ കേന്ദ്രീകരണ പ്രവണതകളാണ് വ്യക്തമാക്കുന്നത്. ഓട്ടോണമിയെക്കുറിച്ച് വാചാലമാകുമ്പോഴും മറുവശത്ത് പുതുതായി കേന്ദ്രീകൃതസ്വഭാവമുള്ള കാര്യനിർവഹണസമിതികൾ ( Regulatory Bodies) ശുപാർശ ചെയ്യപ്പെട്ടിരിക്കുന്നു. NHEQF ( National Higher Education Qualification Frame Work) NSQF (National Skills Qualification Frame Work) GEC (General Education Council) NRF (National Research Foundation) RSA (Rashtreeya Shiksha Ayog) തുടങ്ങിയവ ഏതാനും ചില ഉദാഹരണങ്ങൾ ആണ്. ഗവേഷണത്തെ NRF എന്ന ദേശീയ സമിതിയിലൂടെ കേന്ദ്രീകരിക്കുന്നതിലെ അപകടം വളരെ വലുതാണ്. അറിവുൽപ്പാദനത്തിലെ അധികാരപ്രവണതകളെ എന്നും വിമർശനപരമായി കാണേണ്ടതുണ്ട്. തികച്ചും സ്വതന്ത്രമായ, വിമർശനപരവും ക്രിയാത്മകവുമായ ഒരു തലത്തിൽ നടക്കേണ്ട ഗവേഷണത്തെ ദേശീയതലത്തിൽ കേന്ദ്രീകരിക്കുന്നത് വിദ്യാഭ്യാസദർശനത്തിന് തന്നെ എതിരാണ്.

വിദ്യാഭ്യാസപ്രക്രിയയിൽ ഉൾച്ചേരേണ്ട മൗലിക ദർശനങ്ങളുടെ അഭാവമാണ് ദേശീയവിദ്യാഭ്യാസനയം – 2020 നെ മനുഷ്യത്വവിരുദ്ധമാക്കുന്നത്. കേവലം തൊഴിൽപരിശീലനവും അറിവിന്റെ ഉപഭോക്താക്കളെ സൃഷ്ടിക്കലുമല്ല വിദ്യാഭ്യാസം. എന്നാൽ, ദേശീയവിദ്യാഭ്യാസനയം – 2020 വിദ്യാഭ്യാസത്തെ വിവിധ തൊഴിലുകൾക്കായുള്ള നൈപുണ്യവികസനമായി മാത്രം ചുരുക്കിക്കാണുന്ന പ്രവണത വ്യക്തമാണ്. വ്യാവസായിക ആവശ്യങ്ങൾക്കനുസരിച്ച് നൈപുണ്യം വികസിപ്പിക്കാനായുള്ള പ്രക്രിയ മാത്രമായി വിദ്യാഭ്യാസം ചുരുങ്ങുന്നു. പലതരം വ്യവസായിക ആവശ്യങ്ങൾക്കായി വിദ്യാഭ്യാസത്തെ ചിട്ടപ്പെടുത്തുന്ന രീതിയാണ് ദേശീയ വിദ്യാഭ്യാസ നയം 2020 ൽ പ്രകടമാക്കുന്നത്. 1996 ൽ സംഘടന പ്രസിദ്ധീകരിച്ച വിദ്യാഭ്യാസ നയങ്ങൾക്ക് ഇന്ന് ഏറ്റവും അധികം കാലിക പ്രസക്തി കൈവന്നിരിക്കുകയാണ്.

ജനപക്ഷപരമായ, സാമൂഹികപുരോഗതിയിൽ ചുവടുറപ്പിച്ചിട്ടുള്ള വിദ്യാഭ്യാസദർശനമാണ് എ കെ പി സി റ്റി എ യ്ക്ക് ഉള്ളത്. "ശാസ്ത്രീയവും സമഗ്രവുമായ ചരിത്രവിശകലനവും സമൂഹോന്മുഖമായ വിദ്യാഭ്യാസ ദർശനവും നൽകുന്ന ആശയ വ്യക്തതയോടെ, സുദൃഢലക്ഷ്യബോധത്തോടെ, വിദ്യാഭ്യാസ വ്യവസ്ഥിതി മൗലികമായി നവീകരിക്കുന്ന പ്രവർത്തനമാണ്, എ കെ പി സി റ്റി എ യുടെ വർത്തമാനകാല ചുമതല. വിദ്യാഭ്യാസ വ്യവസ്ഥിതിയുടെ മൗലികപരിവർത്തനം മുൻപിൽ വെച്ചുള്ള ഈ പ്രവർത്തനം കേരളത്തിന്റെ സാംസ്കാരിക നവോത്ഥാനത്തിനു ശക്തമായ പ്രേരണയായും തീരണം." എന്ന് സംഘടനയുടെ വിദ്യാഭ്യാസ നയരേഖ ഉപസംഹരിക്കുന്നു. നിലനില്ക്കുന്ന വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ പരിമിതികൾ മനസ്സിലാക്കി ക്രിയാത്മകമായ മാറ്റങ്ങൾ നടപ്പിലാക്കേണ്ടതിനു പകരം രാഷ്ട്രീയ താൽപര്യങ്ങൾക്കായി വിദ്യാഭ്യാസ മേഖലയെ ഒന്നടങ്കം അട്ടിമറിക്കാനാണ് ദേശീയ വിദ്യാഭ്യാസ നയം 2020 ലക്ഷ്യം വെയ്ക്കുന്നത്. ഒരു വിദ്യാഭ്യാസ നയം നിലവിൽ വരുമ്പോൾ അത് വർത്തമാനകാലത്തെ മാത്രമല്ല ബാധിക്കുക. വരും തലമുറകളുടെ ദേശ-രാഷ്ട്ര സങ്കല്പങ്ങളേയും സാമൂഹിക പാരസ്പര്യത്തേയും അറിവുത്പാദന രീതികളേയും ജീവിത കാഴ്ച്ചപ്പാടിനേയും മറ്റും രൂപപ്പെടുത്തുന്നതിൽ ഒരു രാഷ്ട്രത്തിന്റെ വിദ്യാഭ്യാസ നയത്തിന് കാതലായ പങ്കുണ്ട്. ഇത്തരത്തിൽ നോക്കുമ്പോൾ ദേശീയ വിദ്യാഭ്യാസ നയം 2020 വലിയ അപകടങ്ങൾ വിളിച്ച് വരുത്തും എന്നതിൽ സംശയമില്ല. പ്രസ്തുത നയം മുൻപോട്ട് വെയ്ക്കുന്ന ഭരണഘടനാവിരുദ്ധ തത്വങ്ങളെയും അവയിൽ അടങ്ങിയിരിക്കുന്ന അപകടങ്ങളേയും കുറിച്ച് പൊതുജന അവബോധം സൃഷ്ടിക്കേണ്ടതുണ്ട്. അതിലേയ്ക്കായി നാമോരോരുത്തരും സജ്ജരാകേണ്ടത് കാലം ആവശ്യപ്പെടുന്ന അനിവാര്യതയാണ്.



# ദേശീയ വിദ്യാഭ്യാസനയവും ചില സാമൂഹ്യയാഥാർത്ഥ്യങ്ങളും

**അഭിലാഷ് ടി.**
ശ്രീനാരായണ കോളേജ്, ചെമ്പഴന്തി



ഒരു ബഹുസ്വര സമൂഹമെന്ന നിലയിൽ നാം ഉയർത്തിപ്പിടിക്കുന്ന ഭരണഘടനാതത്വങ്ങളും അതിനെ പിൻപറ്റുന്ന മൂല്യങ്ങളും ഇന്ത്യ പോലൊരു രാജ്യത്ത് എക്കാലത്തും പ്രസക്തിയുണ്ട്. അതിനാൽതന്നെ നമ്മുടെ രാജ്യത്തെ നയരൂപീകരണ പ്രക്രിയ സർഗ്ഗാത്മകവും ആരോഗ്യകരവുമായ ആശയ സംവാദങ്ങളിലൂടെ കൂടുതൽ ജനാധിപത്യവൽക്കരിക്കപ്പെടേണ്ടത് ഇന്നിന്റെ അനിവാര്യത കൂടിയാണ്.

മേൽപറഞ്ഞ പശ്ചാത്തലത്തിൽ വേണം മൂന്നാം ദേശീയ വിദ്യാഭ്യാസ നയത്തെ നാം സമീപിക്കുവാൻ എന്ന കാര്യത്തിൽ തർക്കമൊന്നുമുണ്ടാവാനിടയില്ല. രാജ്യത്തെ ധനമുതലാളിത്തം തുറന്നു വയ്ക്കുന്ന വിപണന സാധ്യതകൾക്കനുസൃതമായി നമ്മുടെ ബോധന നിർമ്മിതികളെ മാറ്റിയെടുക്കുക യെന്നതാണ് യഥാർത്ഥത്തിൽ ഈ നയം ലക്ഷ്യമിടുന്നത്.

ഒരു രാഷ്ട്രത്തിന്റെ വിദ്യാഭ്യാസ നയരേഖയെന്നാൽ അത് അവിടെ താമസിക്കുന്ന ജനതയുടെ സർവ്വതോൻമുഖമായ ജീവിതത്തെ സമഗ്രമായി സ്പർശിക്കുന്ന ഒന്നാവണം. മറിച്ച്, പരിഷ്കാരത്തിന് വേണ്ടിയുള്ള പരിഷ്കാരം എന്ന തലത്തിലായി പോവുന്നത് ഖേദകരമായ അവസ്ഥയായിരിക്കും സൃഷ്ടിക്കുന്നത്. പൗരസമൂഹത്തിന്റെ തലത്തിൽ നിന്ന് നോക്കുമ്പോൾ ഒരു വൈവിധ്യമാർന്ന ജനാധിപത്യത്തിന്റെ സാമൂഹ്യ പരിസരത്ത് ഉയർന്ന് വരുന്ന അരാഷ്ട്രീയതയുടെ രാഷ്ട്രീയത്തെയാണ് പുതിയ വിദ്യാഭ്യാസ നയത്തിലൂടെ നമുക്ക് കാണാനാവുക. മാത്രവുമല്ല, ആ നയം ഉയർത്തിപ്പിടിക്കുന്ന കേവല കമ്പോളയുക്തിയുടെ താൽപര്യങ്ങൾ അതിലാകമാനം ഉൾച്ചേർന്നിരിക്കുന്നത്. ബാഹ്യശക്തികളിൽ നിന്ന് ഇന്ത്യ രാഷ്ട്രീയ സ്വാതന്ത്ര്യം നേടി ഏഴ് പതിറ്റാണ്ട് പിന്നിടുമ്പോഴും അറിവിന്റെ ജനാധിപത്യവത്കരണവും സാമൂഹ്യവത്കരണവും ഏത് തലത്തിലെത്തി നിൽക്കുന്നുവെന്നത് നാം സ്വയം വിമർശനപരമായി തന്നെ പരിശോധിക്കേണ്ടതുണ്ട്. അതോടൊപ്പം നമ്മുടേത് പോലൊരു ഒരു ഫെഡറൽ സമൂഹത്തിൽ വിദ്യാഭ്യാസ സംബന്ധമായ നയരൂപീകരണത്തിൽ മുൻകാലത്തുണ്ടായ വീഴ്ചകളുടെ സാമൂഹികവും രാഷ്ട്രീയവും സാമ്പത്തീകപരവുമായ കാര്യകാരണങ്ങളെക്കുറിച്ച് പുതിയ രേഖയ്ക്കും യാതൊരു ദിശാബോധവുമില്ലെന്ന് തിരിച്ചറിയേണ്ടതുമുണ്ട്.

ഒരു ജനതയുടെ ജീവിതവും കാഴ്ചപ്പാടും രൂപപ്പെടുത്തുന്നതിൽ വിദ്യാഭ്യാസ മേഖലയുടെ പങ്ക് മറ്റെന്തിനെക്കാളും മുന്നിലാണെന്നിരിക്കെ കഴിഞ്ഞ കുറച്ച് വർഷത്തെ ഭരണകൂടത്തിന്റെ സാമ്പത്തിക സമീപനങ്ങൾ കൂടി നാം കാണാതെ പോവരുത്.

2014 മുതൽ 2020 വിദ്യാഭ്യാസ മേഖലയ്ക്ക് വേണ്ടിയുള്ള നീക്കിയിരിപ്പ് കണക്കുകൾ ഏറെ ഞെട്ടലുളവാക്കുന്നുവെന്നതാണ് നമുക്കു മുന്നിലെ യാഥാർത്ഥ്യം.

2014 -15 ------ 2.8%
2015 - 16 -----2.4%
2016 - 17 ------2.6%
2017 - 18 -----2.7%
2018 - 19 -----3.0%
2019 - 20 ------3.1%

ഒരു രാഷ്ട്ര സംവിധാനത്തിൽ വിദ്യാഭ്യാസ മേഖലയോടുള്ള ഭരണകൂട നയസമീപനം ഇതാണെന്നിരിക്കെ എങ്ങനെയാണ് സാമൂഹികവും സാമ്പത്തീകവുമായ അനീതിയും അരക്ഷിതാവസ്ഥയും പരിഹരിക്കപ്പെടാനാവുക എന്ന ചോദ്യം മേൽപറഞ്ഞ കണക്കുകളുടെ വെളിച്ചത്തിൽ ഉയർന്നു നിൽക്കുന്നുണ്ട്.

1968 ൽ രൂപംകൊണ്ട ഒന്നാം ദേശീയ വിദ്യാഭ്യാസ നയം GDP യുടെ ആറ് ശതമാനം വിദ്യാഭ്യാസത്തിന് വേണ്ടി മാറ്റിവയ്ക്കണമെന്ന് ഊന്നി പറഞ്ഞിട്ടുണ്ടെങ്കിലും നാളിതു വരെ നാല് ശതമാനം പോലും മാറ്റിവയ്ക്കാൻ മാറിമാറി വന്ന ഭരണകൂടങ്ങൾ തയ്യാറായിട്ടില്ല.

കമ്പോളത്തിനാവശ്യമായ നൈപുണ്യ വികസനശേഷി മാത്രം ലക്ഷ്യം വയ്ക്കുന്ന പുതിയ വിദ്യാഭ്യാസനയം സ്വയം മാറപ്പെട്ടിരിക്കുകയാണ്. ലോകത്തെമ്പാടും വിദ്യാഭ്യാസ ഗവേഷണ മേഖലയിൽ ഇന്ന് തിരിച്ചറിവ് നേടിയിരിക്കുന്ന സഹവർത്തിത്വ പ്രക്രിയയ്ക്ക് പകരം മത്സരാധിഷ്ഠിത പഠനത്തിന് ഊന്നൽ നൽകുന്ന സമീപനമാണ് നമ്മുടെ രാജ്യത്ത് ഉയർന്ന് വന്നിരിക്കുന്നത്.

തൊഴിൽ, പാർപ്പിടം, ഭക്ഷ്യ സുരക്ഷ, ആരോഗ്യപരിപാലനം തുടങ്ങി ഒട്ടേറെ അടിസ്ഥാന ആവശ്യങ്ങൾ പോലും യഥാവിധി നിറവേറ്റപ്പെടാൻ സാധിക്കാത്ത ലക്ഷക്കണക്കിനാളുകൾ ഉള്ള രാജ്യത്ത് പുതിയ വിദ്യാഭ്യാസനയത്തിന്റെ ഉള്ളടക്കങ്ങളെ നാം ഗൗരവകരമായി തന്നെ ചർച്ചചെയ്യേണ്ടതുണ്ട്.

നമ്മുടെ ഭരണഘടനയിലെ ഭാഗം നാലിൽ അനുച്ഛേദം നാൽപത്തിയഞ്ചിൽ പ്രതിപാദിച്ചിരിക്കുന്ന രാഷ്ട്ര നിർദ്ദേശക തത്വത്തെ 1968ൽ ഒന്നാം വിദ്യാഭ്യാസ നയരേഖ കൃത്യമായി ഉൾക്കൊള്ളുകയുണ്ടായി. എന്നാൽ നാല് പതിറ്റാണ്ടിനിപ്പുറമാണ് 2009ൽ ഒന്നാം യു.പി.എ സർക്കാർ അന്നത്തെ ഇടതുപക്ഷത്തിന്റെ രാഷ്ട്രീയ സമ്മർദ്ദ ഫലമായി വിദ്യാഭ്യാസം മൗലിക അവകാശം എന്ന നിലയിൽ മാറ്റിയെടുത്തത്. ഭരണഘടനയുടെ 86മത് ഭേദഗതിയിലൂടെ അനുച്ഛേദം 21-A എന്ന നിലയിൽ പതിനാല് വയസ്സ് വരെയുള്ള മുഴുവൻ കുട്ടികൾക്കും സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം ഉറപ്പ് വരുത്താനും അതിനെ മൗലീക അവകാശമാക്കി മാറ്റാനും സാധിച്ചു.

എന്നാൽ മൂന്നാം വിദ്യാഭ്യാസനയം പറയുന്നതാവട്ടെ, മൂന്നിനും പതിനെട്ടിനും ഇടയിൽ പ്രായമുള്ള രാജ്യത്തെ മുഴുവൻ ആളുകളെയും വിദ്യാഭ്യാസ അവകാശനിയമത്തിന്റെ പരിധിയിൽ കൊണ്ടുവരും എന്നാണ്. എന്നാൽ ഈ രേഖ വാസ്തവത്തിൽ തിരിച്ചറിയാതെ പോവുകയോ ബോധപൂർവ്വം അജ്ഞത നടിക്കുകയോ ചെയ്യുന്ന ഒന്നുണ്ട്. ഒന്നാം ക്ലാസിൽ പ്രവേശനം നേടുന്ന ആകെ കുട്ടികളിലെ നാല്പത് ശതമാനവും ഒമ്പതാം ക്ലാസിൽ എത്തുന്നില്ല എന്നതാണ് നമ്മുടെ രാജ്യത്തെ സാമൂഹ്യ യാഥാർത്ഥ്യം.

പഠന പ്രക്രിയയിൽ നിന്ന് വർഷാവർഷങ്ങളിൽ പുറന്തള്ളപ്പെട്ട് പോയവരുടെ സാമൂഹിക ബോധവും പൗരബോധവും നമ്മുടെ സമൂഹത്തിൽ കാലാകാലങ്ങളിൽ വലിയ ചോദ്യചിഹ്നങ്ങൾ തന്നെയുയർത്തിയിട്ടുണ്ട്. പുതിയ വിദ്യാഭ്യാസ നയം നടപ്പിലാവുന്നതോടെ മേൽ സൂചിപ്പിച്ച നാൽപത് ശതമാനം എന്ന തോത് വരും വർഷങ്ങളിൽ ക്രമാതീതമായി ഉയരുമെന്ന കാര്യത്തിൽ തർക്കമൊന്നുമുണ്ടാവാനിടയില്ല. അങ്ങനെ വരുമ്പോൾ തുടർന്നങ്ങോട്ട് സംഭവിക്കാനിടയുള്ള സാമൂഹിക പ്രതിസന്ധികൾ ഗുരുതരമായി മാറുകതന്നെ ചെയ്യും. പുതിയ വിദ്യാഭ്യാസനയം സമഗ്രമായ പഠനങ്ങൾക്കും ചർച്ചകൾക്കും വിധേയമാക്കപ്പെടുന്നില്ലായെങ്കിൽ ഗുരുതരമായ പ്രതിസന്ധിയിലാവും നാം ഇനിയങ്ങോട്ട് അകപ്പെടുക.



# ദേശീയ വിദ്യാഭ്യാസനയം പ്രൊഫഷണൽ വിദ്യാഭ്യാസത്തിൽ

ഒരു രാജ്യത്തിന്റെ വിദ്യാഭ്യാസ നയത്തിൽ ഏറെ പ്രാധാന്യം നൽകേണ്ട ഒന്നാണ് പ്രൊഫ ഷൺ വിദ്യാഭ്യാസം. ദേശീയ വി ദ്യാഭ്യാസനയത്തിൽ ഒറ്റപേജിൽ ഒതുക്കിയിരിക്കുന്ന പ്രൊഫഷൺ വിദ്യാഭ്യാസം അപ്രായോഗികവും അവ്യക്തത നിറഞ്ഞതുമാണ്. എഞ്ചിനീയറിംഗ്, കൃഷി, നിയമം, ആരോഗ്യ വിദ്യാഭ്യാസം എന്നിവ യെക്കുറിച്ച് ഓരോ പാരഗ്രാഫിൽ പറഞ്ഞു പോകുന്നു.

അതാത് പ്രദേശത്തെ സർവ്വകലാ ശാലകളുടെ കീഴിലായിരുന്നു മുമ്പ് പ്രൊഫഷണൽ കോളേജുകൾ പ്രവർത്തിച്ചിരുന്നത്. കുറച്ചുകാല മായി എല്ലാ മെഡിക്കൽ കോളേ ജുകളും ആരോഗ്യ സർവ്വകലാശാ ലയുടെ കീഴിലും എല്ലാ എഞ്ചിനീ യറിങ്ങ് കോളേജുകളും ടെക്നിക്കൽ യൂണിവേഴ്സിറ്റിയുടെ കീഴിലുമാണ് പ്രവർത്തിക്കുന്നത്.

എന്നാൽ, പ്രൊഫഷണൽ വിദ്യാ ഭ്യാസം മൊത്തത്തിലുള്ള ഉന്നത

**മൈന ഉമൈബാൻ**
എം.ഇ.എസ്. മമ്പാട് കോളേജ്



വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ അവിഭാജ്യ ഘടകമായി മാറണമെന്ന് ദേശീയ വിദ്യാഭ്യാസനയത്തിൽ പറയുന്നു. ഒറ്റയ്ക്കുള്ള കാർഷിക സർവ്വകലാശാലകൾ, നിയമ സർവകലാശാലകൾ, ആരോഗ്യ ശാസ്ത്ര സർവ്വകലാശാലകൾ, സാങ്കേതിക സർവ്വകലാശാലകൾ, മറ്റ് മേഖലകളിലെ ഒറ്റപ്പെട്ട സ്ഥാപനങ്ങൾ ഒന്നായി മൾട്ടി ഡിസിപ്ലിനറി സ്ഥാപനമായി മാറാൻ ലക്ഷ്യമിടുന്നതായി പറയുന്നു.

സമഗ്രവും മൾട്ടി ഡിസിപ്ലിനറിയുമായ വിദ്യാഭ്യാസ സ്ഥാപനങ്ങളായി മാറി, എല്ലാ വിദ്യാഭ്യാസസ്ഥാപനങ്ങളും സംയോജിതരീതിയിൽ 2030 ഓടെ പ്രവർത്തിക്കണമെന്ന് പറയുന്നു.

മൾട്ടി ഡിസിപ്ലനറി സ്ഥാപനമാകുന്നതിനുള്ള സൗകര്യങ്ങളെപ്പറ്റിയോ നിലവിലുള്ള ചെറു സ്ഥാപനങ്ങൾ എന്താവുമെന്നോ പറയുന്നില്ല. വികേന്ദ്രീകൃത വിദ്യാഭ്യാസത്തിനു പകരം വീണ്ടും വീണ്ടും കേന്ദ്രീകൃതമാകുന്നതിനെപ്പറ്റി മാത്രം പറയുന്നു.

എല്ലാ വിഷയങ്ങളും പഠിപ്പിക്കുന്ന വലിയ സ്ഥാപനങ്ങൾ ആക്കണം എന്നു പറയുമ്പോൾ എങ്ങനെ ഇന്റർ ഡിസിപ്ലിനറി പഠനം സാധ്യമാകുന്നുവെന്ന് വ്യക്തമല്ല. അഫിലിയേറ്റഡ് കോളേജുകൾ ഉണ്ടാകില്ല ഉണ്ടാവില്ല എന്ന് പറയുമ്പോൾ അതിലും വ്യക്തതയോ പ്രായോഗിക നിർദ്ദേശങ്ങളോ ഇല്ല.

അത്യാധുനിക മേഖലകളിൽ പ്രൊഫഷണലുകളെ സജ്ജമാക്കുന്നതിൽ ഇന്ത്യ മുൻകൈയെടുക്കണമെന്നും ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI), 3-D മാച്ചിംഗ്, മെഷീൻ ലേണിംഗ്, ജീനോമിക് പഠനങ്ങൾ, ബയോടെക്നോളജി, നാനോടെക്നോളജി, ന്യൂറോ സയൻസ്, ആരോഗ്യം, പരിസ്ഥിതി, സുസ്ഥിരമായ ജീവിതം എന്നിവയിലേക്കുള്ള പ്രധാന പ്രയോഗങ്ങൾ യുവാക്കളുടെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനായി ബിരുദ വിദ്യാഭ്യാസത്തിലേക്ക് ചേർക്കണമെന്ന് പറയുന്നു. അതോടൊപ്പം സാങ്കേതിക വിദ്യാഭ്യാസത്തിൽ ഡിഗ്രി, ഡിപ്ലോമ പ്രോഗ്രാമുകൾ സാങ്കേതിയ വിദ്യാഭ്യാസത്തിന്റെ



കീഴിൽ കൊണ്ടുവരുന്നതും മറ്റുമാണ് പിന്നീട് പോളിസിയിൽ പറയുന്നത്. സാങ്കേതിക വിദ്യാഭ്യാസത്തിൽ ഡിഗ്രി, ഡിപ്ലോമ ഏത് വിധത്തിലാണ് വിഭാവനം ചെയ്യുന്നത് എന്ന് പറയുന്നില്ല. പോളിടെക്നിക്ക് കോളേജുകളെക്കുറിച്ച് മൗനം പാലിക്കുന്നു.

ദേശീയ വിദ്യാഭ്യാസനയത്തിൽ പ്രൊഫഷൻ വിദ്യാഭ്യാസത്തെപ്പറ്റി പറയുന്ന ഏറ്റവും രസകരമായ നിർദ്ദേശം ആരോഗ്യമേഖലയെ സംബന്ധിച്ചുള്ളതാണ്.

Given that people exercise pluralistic choices in healthcare, our healthcare education system must be integrative meaning thereby that all students of allopathic medical education must have a basic understanding of Ayurveda, Yoga and Naturopathy, Unani, Siddha, and Homeopathy (AYUSH), and vice versa. There shall also be a much greater emphasis on preventive healthcare and community medicine in all forms of healthcare education.

അലോപ്പതി പഠിക്കുന്ന കുട്ടികൾ എല്ലാവരും ആയുർവേദ, യോഗ, യുനാനി, സിദ്ധ, ഹോമിയോപ്പതി (AYUSH ) വിഷയങ്ങളിലെ അടിസ്ഥാന തത്വങ്ങൾ പഠിച്ചിരിക്കണമെന്നും അതുപോലെ തന്നെ AYUSH പഠിക്കുന്ന കുട്ടികൾ അലോപ്പതി പഠിക്കണമെന്നും നയത്തിൽ പറയുന്നു. (അലോപ്പതി എന്ന് ഇക്കാലത്ത് പറയാറില്ല. ആധുനിക വൈദ്യം എന്നാണ് പറയാറ്) നിഷ്ക്കർഷിക്കുന്നുണ്ട്. കോവിഡ് കാലമായിട്ടും യോജിക്കാൻ പറ്റാത്തവരാണ് നമ്മുടെ ആരോഗ്യ മേഖലയിലെ വിവിധ വകുപ്പുകൾ. ആയുഷിനെ കോവിഡ് പ്രതിരോധത്തിൽ പങ്കാളികളാക്കണമെന്ന് പറഞ്ഞപ്പോഴൊക്കെ ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ ശക്തമായി എതിർത്തിട്ടുണ്ട്. ആയുർവ്വേദ, ഹോമിയോ ചികിത്സകൾ അനുവദനീയമല്ലാത്ത സാഹചര്യത്തിൽ അവർ പ്രതിരോധ ബൂസ്റ്റർ മരുന്നുകൾക്ക് പിന്നാലെയാണ് ! ആധുനിക വൈദ്യശാഖയും മറ്റു വൈദ്യശാഖകളും തമ്മിൽ 1960കൾ മുതൽ നടക്കുന്ന സംഘർഷമാണ്. എക്കാലത്തും വിവാദ വിഷയമാണിത്. ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ അംഗങ്ങളാരും ദേശീയ വിദ്യാഭ്യാസ നയത്തിലെ 20.5 കണ്ടിട്ടില്ലെന്നു തോന്നുന്നു.

ദേശീയ വിദ്യാഭ്യാസ നയത്തിലെ പ്രൊഫഷണൽ വിദ്യാഭ്യാസം മൊത്തത്തിൽ അവ്യക്തത നിറഞ്ഞതും അപ്രായോഗിക നിർദ്ദേശങ്ങൾ ഉൾക്കൊളുന്നതുമാണ്.

# നിയോലിബറൽ കാലത്തെ വിദ്യാഭ്യാസം




പാരമ്പര്യ മൂല്യങ്ങളുടെയും, പൗരാണിക വിദ്യാഭ്യാസ സമ്പ്രദായങ്ങളുടെയും ഒരു വീണ്ടെടുപ്പ് എന്ന ഒരു പ്രതീതി സൃഷ്ടിക്കുമ്പോൾ തന്നെ, നിയോലിബറലിസത്തിന്റെ വ്യക്തമായ അടിത്തറയിലാണ് പുതിയ വിദ്യാഭ്യാസ നയം കെട്ടിപ്പടുത്തിരിക്കുന്നത്. ഇതുതന്നെയാണ് ഇതിന്റെ ഘടനാപരമായ വൈരുദ്ധ്യങ്ങളിൽ പ്രധാനവും. നിലവിലുള്ള വിദ്യാഭ്യാസ രീതിയുടെ പരിമിതികൾ പ്രായോഗികക്ഷമതാവാദത്തിൽ ഊന്നി സാമാന്യവൽക്കരിച്ചാണ് ഇതിനായുള്ള ജനസമ്മിതി നേടിയെടുക്കാൻ ഇതിന്റെ പ്രയോക്താക്കൾ ശ്രമിക്കുന്നത്. അതുകൊണ്ടുതന്നെ തന്നെ ഇതിലെ സങ്കുചിതമായ പല നിർദ്ദേശങ്ങളും മുഖ്യധാര ചർച്ചയിൽനിന്ന് ഇന്ന് ഒരു പരിധിവരെ വരെ മറച്ചുപിടിക്കാൻ സാധിക്കുന്നത്. വിപണിയുടെ ഇടപെടലിന്റെ ഒരു ഒരു ബഹുമാതൃകയാണ് ആണ് നയത്തിന് രൂപരേഖ. എങ്ങിനെയാണ് ആണ് ഒരു ബിസിനസ് മാനേജ്മെൻറ് തിയറി പറയുന്നത് എന്നതിൻറെ ചട്ടക്കൂടിലേക്ക് വിദ്യാഭ്യാസത്തെ എടുത്തു വെക്കുന്നു. വിപണിയുടെ ആവശ്യങ്ങൾക്കനുസരിച്ച് അസംസ്കൃതവസ്തുക്കൾ എത്തിച്ചു നൽകുന്ന ഒരു കയറ്റുമതിക്കാർ ആയി മാത്രം വിദ്യഭ്യാസമേഖലയെ കണക്കാക്കുന്നു. അതുകൊണ്ടുതന്നെ വിദ്യാർത്ഥിയുടെ താൽപര്യത്തിനും വിമർശനാത്മക പഠന രീതികൾക്കും ഇവിടെ ഇടം ലഭിക്കാതെ പോകുന്നു. 2025ഓടെ 50% വിദ്യാർഥികളെ

**സനന്ദ് സദാനന്ദ്**
എം.ഇ.എസ്. അസ്മാബി കോളേജ്
കൊടുങ്ങല്ലൂർ





തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ ഉണഭോക്താക്കൾ ആക്കും എന്ന പറയുന്നതിൽ തന്നെ ഈ വിപണി ബാന്ധവം പ്രകടമാണ്. ഇതിനു കണ്ടെത്തുന്ന പല മാർഗ്ഗങ്ങളും സ്റ്റേറ്റിന്റെ നിലവിലുള്ള വ്യവസ്ഥാപിത ഫണ്ടിങ്ങ് സ്ഥാപനങ്ങളുടെ പുറത്താണ്. മൂക്ക് പോലുള്ള ഉള്ള ഓൺലൈൻ പഠനരീതികൾ എങ്ങനെ വിദ്യാഭ്യാസ മേഖലയിൽ നിന്ന് ഭരണകൂടം പിൻവാങ്ങാം എന്നതിന്റെ ഉത്തമ മാതൃകകളാണ്. കോവിഡ് കാലത്ത് അവലംബിച്ചിട്ടുള്ള ഓൺലൈൻ വിദ്യാഭ്യാസ രീതി, അമിത പ്രാധാന്യത്തോടെ എടുത്തു കാട്ടി, പർവ്വതീകരിച്ച് ഇതിനെ പിന്തുണയ്ക്കുന്ന ഒന്നാക്കി മാറ്റിയെടുക്കാനുള്ള ഉള്ള ശ്രമങ്ങൾ ഇപ്പോൾ തന്നെ പ്രകടമാണ്.

മാനേജ്മെൻറ് ഭരണനിർവ്വഹണത്തിന്റെ ഘടന ഇവിടെ സ്വീകരിച്ചിരിക്കുന്നത് കാണാം. ഉദാഹരണമായി ആയി ഒരു കോഴ്സിന് അകത്തു തന്നെയുള്ള എൻട്രി എക്സിറ്റ് സമ്പ്രദായം, ക്രെഡിറ്റ് ബാങ്ക് സംവിധാനങ്ങൾ എന്നിവ. ഇവിടെ വിദ്യാർത്ഥി ഒരു ഒരു അവകാശി എന്നതിൽനിന്ന് ഉപഭോക്താവ് എന്ന തലത്തിലേക്ക് തരം താഴുന്നു. സൂപ്പർമാർക്കറ്റിലെ പല തട്ടിൽ നിന്നും സാധനങ്ങൾ എടുക്കുന്ന പോലെ വിപണിയുടെ ആവശ്യത്തിനും സർവ്വോപരി സാമ്പത്തിക കഴിവിനും അനുസരിച്ച് കോഴ്സുകൾ തെരഞ്ഞെടുത്ത് ക്രെഡിറ്റ് കൂട്ടി നിറക്കുന്നു. പ്രഥമദൃഷ്ട്യാ ഇത് നൽകുന്ന എന്നു കരുതപ്പെടുന്ന ഫ്രീഡം ഓഫ് ചോയ്സ് എന്നത് മുതലാളിത്തം എക്കാലത്തും എടുത്തു ഉപയോഗിച്ചിട്ടുള്ള ഒരു ആയുധമാണ്. 2035 ഓടുകൂടി ഗ്രോസ് എൻട്രോൾമെൻറ് നിരക്ക് 28 നിന്ന് 50 ശതമാനത്തിൽ എത്തിക്കുമെന്ന് നയരേഖ പറയുമ്പോൾ, അതിന് ആവശ്യമായ വിശാല സർവ്വകലാശാലകൾ, പുതിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മറ്റ് അനുബന്ധ സൗകര്യങ്ങൾ, അധ്യാപക അനധ്യാപക നിയമനം എന്നീ വിഷയങ്ങളിൽ ഇത് നിശബ്ദമാണ്. നിലവിലുള്ള കോളേജുകൾ ഓട്ടോണമസ് ആക്കിയും മറ്റുള്ളവയെ സർവ്വകലാശാലകൾ ആക്കിയും, ഓൺലൈൻ കോഴ്സുകൾ വ്യാപിക്കുകയും, അധ്യാപകരുടെ ടെമ്പർ നിയമനം നടപ്പിലാക്കുക എന്നൊക്കെ പറയുന്നതിൽ ഭരണകൂടത്തിന് വിദ്യാഭ്യാസ മേഖലയിൽ നിന്നുള്ള പിൻമാറ്റം എന്ന ലിബറൽ അജണ്ട വ്യക്തമാണ്. സ്വകാര്യ സ്ഥാപനങ്ങൾക്ക് മുകളിൽ Light but tight നിയന്ത്രണം എന്നൊക്കെ പറയുന്നത് തക്കാളിപ്പെട്ടി വേണ്ടി വന്നാൽ ഇരുമ്പ് താഴ് ഇടും എന്ന് പറയുന്ന പോലെയാണ്.

നവ നയത്തിന്റെ ഏറ്റവും വലിയ മേന്മയായി ആയി ആഘോഷിക്കുന്നത് അത് ജിഡിപിയുടെ 6 ശതമാനം വിദ്യാഭ്യാസത്തിനായി മാറ്റിവയ്ക്കും എന്നതാണ്. കൺകറന്റ് ലിസ്റ്റിൽ കിടക്കുന്ന വിഷയമായ വിദ്യാഭ്യാസത്തിൽ ഇത് കേന്ദ്രമോ അതോ സംസ്ഥാനങ്ങളോ വഹിക്കുന്നത് എന്നതിനെപ്പറ്റി ഒരു വരിയിൽ കൂടുതൽ പോലും പരാമർശമില്ല. മൂന്നാമത്തെ വിഭവ സമാഹരണ മാർഗമായി രേഖയിൽ പലയിടത്തും എടുത്തു പറഞ്ഞിട്ടുള്ളത് ഫിലാന്ത്രോഫിസ്റ്റ് കോണ്ട്രിബ്യൂഷൻ അഥവാ മനുഷ്യസ്നേഹികളായ വ്യവസായികളുടെ സംഭാവന എന്നതാണ് അമേരിക്കയിൽ ബിൽ ഗേറ്റ്സ് ഫൗണ്ടേഷൻ മാതൃകയിൽ ഇന്ത്യയിൽ ജിയോ, അദാനി ഫൗണ്ടേഷനുകൾ. എല്ലാം ഊതിപ്പെരുപ്പിച്ച ദിവാസ്വപ്നങ്ങൾ മാത്രമാണെന്ന് ഇന്ന് നിലവിലെ സാഹചര്യത്തിൽ അവയുടെ പ്രവർത്തനശൈലി കണ്ട് ആർക്കും മനസ്സിലാക്കാം. ടാക്സ് വെട്ടിക്കാൻ ഉള്ള ഒരു സുവർണാവസരം കൂടി ഇതുവഴി ഗവർമെന്റിന് കോർപ്പറേറ്റുകൾക്ക് തരപ്പെടുത്തി കൊടുക്കാൻ സാധിക്കും.

നാഷണൽ റിസർച്ച് ഫൗണ്ടേഷന്റെ കാര്യമെടുത്താൽ രാജ്യത്തെ ഗവേഷണങ്ങളെ ഏകോപിപ്പിക്കാൻ നിർദ്ദേശിക്കുന്ന കേന്ദ്രീകൃത സംവിധാനം. അങ്ങേയറ്റം ഫെഡറൽ തത്വങ്ങൾക്കും, ബഹുസ്വരതകൾക്കും വിരുദ്ധമാണ് ഇതിന്റെ ശിലാരൂപം. ഇന്ത്യയിലെ ഗവേഷണ പ്രവർത്തനങ്ങളെ ഏകീകരിക്കാൻ, രാഷ്ട്രത്തിന്റെ ആവശ്യത്തിനും അടിയന്തര പ്രാധാന്യമുള്ള വിഷയങ്ങളെ കണ്ടെത്താനും അവക്ക് ഫണ്ടിങ് ഏർപ്പെടുത്താനും ഉള്ള കേന്ദ്രീകൃതമായി പ്രവർത്തിക്കുന്ന ഈ സ്ഥാപനം, ഇന്ത്യൻ മതേതരത്വത്തിന്റെ സമകാലിക വെല്ലുവിളികൾ അല്ലെങ്കിൽ നോട്ടു നിരോധനവും ഇന്ത്യയിലെ കർഷകരും അതുമല്ലെങ്കിൽ ആയുർവേദത്തിന്റെ പേരിൽ നടത്തുന്ന വ്യാജ വ്യവസായങ്ങൾ തുടങ്ങിയ വിഷയങ്ങളിൽ ഗവേഷണങ്ങൾ പ്രോത്സാഹിപ്പിക്കുമോ?. ഇവിടെ ഇവിടെ പ്രാമുഖ്യം ലഭിക്കാൻ പോകുന്നത് ആത്മനിർഭർ ഭാരതത്തിന്റെ മഹത്വം, വിമാനത്താവളം സ്വകാര്യവൽക്കരിക്കേണ്ടതിന്റെ അനിവാര്യതയും, പഞ്ചഗവ്യത്തിന്റെ അത്ഭുത പ്രവർത്തികളും തുടങ്ങിയവയാകും എന്നതിൽ സംശയമില്ല. ഇങ്ങനെ എങ്ങനെ ഒരേ സമയം വിപണി കേന്ദ്രീകൃതവും ഭരണകൂടത്തിന് ആശയ പ്രചരണ വാദിയും ആയി മാറുന്ന പുതിയകാലത്തെ പുതിയത് എന്ന് വിശേഷിപ്പിക്കുന്ന നവലിബറൽ വിദ്യാഭ്യാസ നയം.

# EQUITY AND INCLUSIVE EDUCATION:

## AN OVERVIEW

The education system of a country should benefit for all so that no child loses any opportunity to learn and excel, because of the circumstances of birth or background. The education policy should bridge the gap between the social category gaps in accessibility, participation and learning outcomes in social education. In India, the government policies had taken initiatives to bridge the gap in the gender and social categories at all levels of education. However there still remain disparities especially for Socially Economically Disadvantaged Groups (SEDGs). SEDGs can be classified based on gender social and cultural identity, geographical identity, disabilities and socio-economic conditions.

The enrollment drop off among the scheduled caste may be due to a variety of factors such as lack of access to quality education, poverty social mores and customs language etc. and the NEP 2020 recommends certain innovative plans to alleviate thosefactors too. However, the extent to which the policy going to alleviate those factors is found to be a big question for the policy makers as well as stakeholders when consider the practical implementation of the same. .

The committee recommend separate Strategies for focusing attention on reducing the social category gaps in school education. The successful policies and schemes to enhance participation of SEDGs in the schooling system must be significantly strengthen across the country.For which the policy suggests thatcertain

**Dr. Sangeetha NR**
Sree Narayana Training College
Nedunganda, Varkala





geographical areas, identified as aspirational districts which require special interventions for promoting the educational development,with significantly larger proportion of SEDGsand they should be declared as Special Education Zones (SEZs). Here the question arises are, what are the strategies to be followed to identify and declare a locality as SEZs? Apart from the existing schemes and policies, what is the new frame work emphasized to change the existing educational landscape of the so called SEZs? Which type of concerted efforts are being focused to deal with educational obstacles of SEDGs based on their categories?

Other major recommendations regarding equity and inclusion includes Successful strategies and schemesmentioned in the previous policies, strengthening and expanding Kasturba Gandhi Balika-Vidyalayato enhance the participation in quality schools of girls from socially economically disadvantaged backgrounds, expansion of additional JawaharNavodayaVidyalaya and KendriyaVidyalaya around the country especially in aspirational districts with special education zones and other disadvantaged areas etc. and all are found to be the extension of the recommendations of previous revisions.The policy aims to constitute an Assessment and certification agency called PARAKH, (Performance Assessment, Review and Analysis of Knowledge for Holistic Development)in order to formulate guidelines and recommend appropriate tools for conducting such assessment from the foundational stage to higher education in order to ensure your equitable access and opportunities for all students with learning disabilities. The constitution of such testing agencies had been the policy of the ministry for the past few years. In the year 2017, an agency named QCI, Quality Council of India had been constituted to assess the Teacher Education Institutions across the country and collected crores of money for the accreditation and reaccreditation process of the institutions. But after collecting the money and data of the institutions, the agency vanished in air. When the institutions demanded refunding, the responsible authorities maintained the usual silence. In this context, the constitution of such testing agencies must be reconsidered, is it a testing agency or stealing agency?

Regarding training and recruitment of special educators trained to teach differently abled children, there need clarification. Is it possible to integrate special education with teacher education programme? Before suggesting policies in inclusive education, it is very essential to conduct a study on the existing inclusiveeducation practices all over the country.
The word inclusion should not be considered just as a title rather it should be viewed in a comprehensive way, otherwise whatever suggestions claimed to be innovative will remain as paper work.



# Gender and Sexuality in the NEP

**Lakshmi Menon**
VTM NSS College,
Dhanuvachapuram



There are a number of glaring omissions in the NEP with regards to the subject of gender. It is actually possible to outline what it does not address when it comes to the matter of gender and sexuality rather than what it does. While the NEP ostensibly takes steps towards inclusivity and equality in the educational sphere, there is little by way of policy decisions that reflect these steps. Notable inclusions are the fact that members of the transgender community are being recognised as an underprivileged group and the proposed introduction of the Gender-Inclusion Fund to ensure women, girls and transgender students gain access to education is a promising step.

However, it is the exclusions from the policy that stand out on perusal. While the term 'gender sensitivity' has been included as a basic value that will be taught to students, the definition of the term gender seems to be restricted to the binary of male and female rather than addressing the fluidity



of identity that is accepted today. The policy also makes no mention of persons with intersex variations (such as the hijra community) despite the community being one that is frequently discriminated against in India, perhaps making the mistake of conflating them with the transgender community. When there are measures mentioned to expand boarding facilities of girls in schools, there is no specification within the policy as to whether such options will be given to trans-women or other gender minorities.

While on the subject of women and the opening of educational opportunities to them, the NEP with its insistence on the expansion of education to the digital frontier, does not address the digital divide that exists in India, in which the percentage of women with access to technology is significantly less than that of men. Whether there will be steps to encourage more women from marginalised communities who are vulnerable to and intimidated by such digital spaces is another factor that does not seem to be addressed.

**The NEP also notably does not discuss the necessity to include topics related to sex and sexuality in school syllabi, despite the evidence that it is of utmost importance that young people are exposed to these issues at an early age. In particular, despite the decriminalisation of homosexuality in the country, the policy does not outline any steps towards advising or counselling of members of the LGBTQIA+ communities (outside of the aforementioned transgender persons), both as students and within the teaching communities, or towards protecting them from harmful discrimination or bullying.**

What we can therefore understand is that the NEP has suggested some stopgap measures meant to bridge some of the gaps in the educational opportunities extended to women and the transgender community in India, but offers little by way of long-term policy changes or real solutions.

# National Research Foundation (NRF) may ring the death knell of India's research aspirations

"If we knew what it was, we were doing,
it would not be called research, would it?"
**Albert Einstein**

**Dr. Suboj Babykutty**
Mar Ivanios College,
Thiruvananthapuram



The importance of research in driving humanity is unquestionable. Without the desire to know and research, the progress of the country will be slow; and our life situation will be completely different from today. If not focused and oriented in the right direction, we cannot say that we are close to finding a vaccine for corona or a cure for cancer in the future.

Seven decades after independence, research, and development in India is lagging behind when it comes to funding allocation and attracting brighter minds. The leaders of the freedom struggle in India had focused on the development of India in the field of science and technology. In the last two decades, India has set aside only 0.6-0.7 % of GDP for research and development. These figures are far behind from other countries like U.S.A, China, Israel, and N. Korea.

